2023
MARCH
30
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചു; ഡയറക്ടർ ഉൾപ്പെടെ 12 തസ്തിക



**തിരുവനന്തപുരം:** രണ്ടു വർഷമായി ഫയലിൽ കുരുങ്ങിയ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകൃതമായി. വ്യവസായ വകുപ്പിനു കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ച് ഞായറാഴ്ചയാണ് ഉത്തരവിറങ്ങിയത്. 2021 ജനുവരിയിലെ മന്ത്രിസഭായോഗം ഡയറക്ടറേറ്റ് രൂപീകരിക്കാൻ അംഗീകാരം നൽകിയെങ്കിലും തർക്കങ്ങളിൽ പെട്ടുപോവുകയായിരുന്നു. തിരുവനന്തപുരത്ത് വികാസ്ഭ!വനിലെ വ്യവസായ വകുപ്പ് ഡയറക്ടറേറ്റിലാണ് ആസ്ഥാനം. ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ കൂടുതൽ പേരെ ഇവിടേക്കു നിയോഗിക്കും. ഡയറക്ടർ ഉൾപ്പെടെ 12 തസ്തികകളാണു സൃഷ്ടിക്കുക.

ഡയറക്ടർ ഒഴികെയുള്ളവ പുനർവിന്യാസത്തിലൂടെ കണ്ടെത്തും. ഡപ്യൂട്ടി ഡയറക്ടർ, അസി.ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ, സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ്/ക്ലാർക്ക്, കംപ്യൂട്ടർ അസിസ്റ്റന്റ്, ഓഫിസ് അറ്റൻഡന്റ് എന്നീ തസ്തികകളാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കയർ വികസന ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽനിന്നു പുനർവിന്യസിക്കുകയെന്നു എ.പി.എം.മുഹമ്മദ് ഹനീഷിന്റെ ഉത്തരവിൽ പറയുന്നു.

എസ്.ഹരികിഷോറാണ് പ്ലാന്റേഷൻ സ്പെഷൽ ഓഫിസർ. ഡയറക്ടറെ വൈകാതെ നിയമിക്കും. ഒരു മാസത്തിനുള്ളിൽ തുടർനടപടികൾ പൂർത്തിയാകും. തോട്ടംമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ജസ്റ്റിസ് എൻ.കൃഷ്ണൻനായർ കമ്മിഷന്റെയും സംസ്ഥാന ആസൂത്രണ ബോർഡ് ഓണററി കൺസൽറ്റന്റായ വി.നമശിവായത്തിന്റെയും റിപ്പോർട്ടിനെ തുടർന്നാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കാൻ അംഗീകാരം നൽകിയത്. ഡയറക്ടറേറ്റ് രൂപീകരിക്കുമ്പോൾ കോട്ടയം, കോഴിക്കോട് കേന്ദ്രമാക്കി റീജനൽ ഓഫിസുകൾ രൂപീകരിക്കാൻ ആലോചനയുണ്ടായിരുന്നു.

## ദുരിതാശ്വാസനിധി കേസ്

# മുഖ്യമന്ത്രിക്കെതിരായ ഹർജി പരിഗണിക്കാൻ ലോകായുക്ത



തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ദുർവിനിയോഗം ചെയ്തതായി ആരോപിച്ച് മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാർക്കുമെതിരെ ലോകായുക്തയിൽ ഫയൽ ചെയ്ത ഹർജിയിൽ വിധി പറയുന്നത് വൈകുന്നതിൽ വിമർശനം ശക്തമാകുന്നതിനിടെ, കേസ് വെള്ളിയാഴ്ച പരിഗണിക്കാനൊരുങ്ങി ലോകായുക്ത. കേസിൽ വാദം പൂർത്തിയായി ഒരു വർഷം പിന്നിട്ടിട്ടും വിധി പറയാത്തത് വിവാദമായിരുന്നു. ഇതുമായി ബന്ധപ്പെട്ട് പരാതിക്കാരൻ ഹൈക്കോടതിയെ സമീപിച്ചതിനു പിന്നാലെയാണ് കേസ് വീണ്ടും ലോകായുക്ത പരിഗണിക്കുന്നത്.

വെള്ളിയാഴ്ച ഹർജിയിൽ വിധിയുണ്ടാകുമെന്നാണ് വിവരം. ലോകായുക്ത ജസ്റ്റിസ് സിറിയക്ക് ജോസഫും ജസ്റ്റിസ് ഹാറൂൺ ഉൽ റഷീദും അടങ്ങിയ ബെഞ്ചാണ് വാദം കേട്ടത്. ഈ ബെഞ്ച് തന്നെയാണ് കെ.ടി. ജലീലിനെതിരായ വിധി പ്രഖ്യാപിച്ചതും. 2018 സെപ്റ്റംബറിൽ ഫയൽ ചെയ്ത ഹർജിയിൽ 2022 മാർച്ച് 18നാണ് വാദം പൂർത്തിയായത്. കേരള സർവകലാശാല മുൻ സിൻഡിക്കേറ്റ് അംഗം ആർ.എസ്.ശശികുമാറാണ് ഹർജിക്കാരൻ.

വിധി എതിരായാൽ മുഖ്യമന്ത്രിക്ക് കനത്ത തിരിച്ചടിയാകുമെന്നതിനാൽ, വെള്ളിയാഴ്ച ലോകായുക്ത കൈക്കൊള്ളുന്ന നിലപാട് നിർണായകമാകും. മുഖ്യമന്ത്രിയും ഒന്നാം എൽഡിഎഫ് സർക്കാരിലെ മന്ത്രിമാരും ഫണ്ട് വകമാറ്റിയെന്നാണ് കേസ്. അന്തരിച്ച ചെങ്ങന്നൂർ മുൻ എംഎൽഎ കെ.കെ.രാമചന്ദ്രന്റെയും അന്തരിച്ച എൻസിപി നേതാവ് ഉഴവൂർ വിജയന്റെയും കുടുംബങ്ങൾക്കും, കോടിയേരി ബാലകൃഷ്ണന്റെ അകമ്പടി വാഹനം അപകടത്തിൽപ്പെട്ട് മരിച്ച പൊലീസുകാരന്റെ കുടുംബത്തിനും ദുരിതാശ്വാസ നിധിയിൽനിന്ന് പണം നൽകിയതാണ് പരാതിക്ക് ആധാരം.

വാദം പൂർത്തിയായി ഒരു വർഷം കഴിഞ്ഞിട്ടും വിധി പറയാത്തതിനെതിരെ പരാതിക്കാരൻ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. .




## ആലിബാബ 6 കമ്പനിയായി വിഭജിക്കും

**ബെയ്ജിങ്:** ചൈനീസ് ഇ കൊമേഴ്സ് കമ്പനിയായ ആലിബാബ ആറ് ബിസിനസ് ഗ്രൂപ്പുകളായി വിഭജിക്കുന്നു. മാറുന്ന വിപണിയിലെ കൂടുതൽ സാധ്യതകൾ പ്രയോജനപ്പെടുത്താനാണ് വിഭജനമെന്ന് ആലിബാബ ഗ്രൂപ്പ് ഹോൾഡിങ് ലിമിറ്റഡ് അറിയിച്ചു. ക്ലൗഡ് ഇന്റലിജൻസ്, താബോ ടിമാൾ, ലോക്കൽ സർവീസ്, ഗ്ലോബൽ ഡിജിറ്റൽ, കാനയ്യോ സ്മാർട് ലോജിസ്റ്റിക്സ്, ഡിജിറ്റൽ മീഡിയ ആൻഡ് എന്റർടെയ്ൻമെന്റ് എന്നിങ്ങനെ ആറു ഗ്രൂപ്പുകളായാണ് തിരിക്കുക.

പുതിയ പ്രധാനമന്ത്രി ലി ചിയാങ് സ്വകാര്യമേഖലയ്ക്ക് മികച്ച പിന്തുണ നൽകുന്നതിന്റെ പശ്ചാത്തലത്തിലാണ് ബിസിനസ് വിപുലപ്പെടുത്താനുള്ള ആലിബാബയുടെ നീക്കം. രണ്ടു വർഷം ചൈനയ്ക്കു പുറത്തു ജീവിച്ച ആലിബാബ സ്ഥാപകനും മുൻ ചെയർമാനുമായ ജാക്ക് മാ ഈയിടെ രാജ്യത്ത് തിരിച്ചെത്തുകയും ചെയ്തിരുന്നു. ചൈനയിലെ ധനകാര്യ സംവിധാനങ്ങളെ വിമർശിച്ചതിനെ തുടർന്ന് അധികൃതരുടെ കണ്ണിലെ കരടായി മാറിയതോടെയാണ് അദ്ദേഹം രാജ്യം വിട്ടത്.

## ഡെബിറ്റ് മ്യൂച്വൽ ഫണ്ട്; ബാങ്കുകൾക്ക് നേട്ടം




**കൊച്ചി:** മൂന്നു വർഷത്തിൽ കൂടുതൽ കാലാവധിയുള്ള ഡെബിറ്റ് മ്യൂചൽ ഫണ്ട് നിക്ഷേപത്തിന് അനുവദിച്ചിരുന്ന നികുതി ആനുകൂല്യം ഇല്ലാതാക്കിയതോടെ ബാങ്കിങ് വ്യവസായത്തിനു പണം വാരാനുള്ള അവസരം. ബാങ്കിങ് മേഖലയിലേക്കു 3,00,000 കോടി രൂപയുടെ നിക്ഷേപം അധികമായി എത്തുമെന്നാണ് ഏകദേശ അനുമാനം. മൂന്നു വർഷത്തിൽ കൂടുതൽ കാലാവധിയുള്ള ഡെബിറ്റ് മ്യൂചൽ ഫണ്ട് നിക്ഷേപത്തിനു പണപ്പെരുപ്പവുമായി തട്ടിച്ചുള്ള ഇൻഡക്സേഷനിൽ നൽകിയിരുന്ന നികുതി ആനുകൂല്യമാണു സർക്കാർ ഒഴിവാക്കിയിരിക്കുന്നത്.

ഇതോടെ വരുമാനത്തിന്റെ കാര്യത്തിൽ ഇത്തരം നിക്ഷേപം ബാങ്കുകളിലെ സ്ഥിര നിക്ഷേപത്തിനു സമാനമായിരിക്കുന്നു. ആ സ്ഥിതിക്കു താരതമ്യേന കൂടുതൽ സുരക്ഷിതവും നിശ്ചിത വരുമാനം ലഭിക്കുമെന്ന് ഉറപ്പുള്ളതുമായ ബാങ്ക് സ്ഥിര നിക്ഷേപം തിരഞ്ഞെടുക്കാൻ നിക്ഷേപകർ ആഗ്രഹിക്കുക സ്വാഭാവികം. വായ്പാ വിതരണത്തിലെ ഗണ്യമായ വളർച്ചയെ തുടർന്നു നിക്ഷേപ സമാഹരണത്തിനു കഠിന യത്നത്തിലായിരുന്ന ബാങ്കുകൾക്ക് ഓർക്കാപ്പുറത്തു കൈവന്ന സൗഭാഗ്യമാണിത്.

വായ്പയുടെയും നിക്ഷേപത്തിന്റെയും അളവിലെ അന്തരം വിപുലമാകുന്നതിന്റെ അപകടവും ധന സാമഹരണത്തിലെ ചെലവിലുണ്ടാകുന്ന വർധനയും ഒഴിവാകുമെന്നതാണു ബാങ്കുകൾക്കുണ്ടാകുന്ന നേട്ടം. ബാങ്കുകളുടെ ലാഭക്ഷമത വർധിക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടും. ബാങ്ക് വായ്പയിൽ 16 ശതമാനത്തോളമാണു വാർഷിക വർധനയെന്നിരിക്കെ നിക്ഷേപത്തിലെ വളർച്ച 11 ശതമാനത്തിലൊതുങ്ങുന്നുവെന്നാണു റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിരീക്ഷണം. ബാങ്കുകളുടെ നേട്ടം രാജ്യത്തെ കടപ്പത്ര വിപണിക്കു പക്ഷേ വലിയ ദോഷം ചെയ്തേക്കുമെന്ന് ആശങ്കയുണ്ട്.

മ്യൂചൽ ഫണ്ടുകളിലേക്ക് എത്തേണ്ട നിക്ഷേപത്തിന്റെ വലിയൊരു പങ്ക് ബാങ്കുകളിലേക്കു വഴിതിരിഞ്ഞുപോകുന്നത് ഓഹരി വിപണിക്കും അഭികാമ്യമല്ല.



# മുള്ളൻകൊല്ലി വരളുന്നു



**മുള്ളൻകൊല്ലി:** വരൾച്ചാമേഖലയിൽ ജലമെത്തിക്കാൻ ആസുത്രണം ചെയ്ത കടമാൻതോട് ജലപദ്ധതിയുടെ കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കണമെന്ന് കോൺഗ്രസ് കൂട്ടായ്മ ആവശ്യപ്പെട്ടു. വേനൽ ശക്തമാവുകയും വെള്ളം മുഴുവൻ കർണാടക ഊറ്റിയെടുക്കുകയും ചെയ്തതോടെ ലോറിയിൽ നിറയ്ക്കാൻ പോലും വെള്ളമില്ലാതെ കബനിപ്പുഴ വരണ്ടിരിക്കുകയാണെന്നു കോൺഗ്രസ് ചൂണ്ടിക്കാട്ടി..കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തടയണ നിർമിച്ചെങ്കിലും പുഴവെള്ളത്തിൽ പായൽ നിറഞ്ഞതോടെ ജലശുദ്ധീകരണവും വിതരണവും അവതാളത്തിലായി. അപകടകരമായ സാഹചര്യത്തിലൂടെയാണ് മുള്ളൻകൊല്ലിയുടെ കാർഷിക മേഖല കടന്നുപോകുന്നത്. ജനങ്ങൾക്ക് കുടിക്കാനും കൃഷിയിടങ്ങൾ നനയ്ക്കാനും വെള്ളമില്ല. അതിർത്തിയിലെ കോളനികളിലും വീടുകളിലും ജലക്ഷാമം രൂക്ഷമായി. കാലി വളർത്തലും പ്രതിസന്ധിയിലാണ്.

പുൽപള്ളി, മുള്ളൻകൊല്ലി പഞ്ചായത്തുകളിൽ ജലവിതരണം നടത്തേണ്ട കടമാൻതോട് പദ്ധതിയുടെ കാര്യത്തിൽ സർക്കാർ ജനത്തെ കബളിപ്പിക്കുകയാണെന്നു യോഗം ആരോപിച്ചു. കഴിഞ്ഞമാസം മുള്ളൻകൊല്ലിയിലെത്തിയ ജലവിഭവ മന്ത്രിയും പദ്ധതി നിർമിക്കുമെന്ന് ഉറപ്പുനൽകി മടങ്ങിയതാണ്. ഇതിനായുള്ള ഭൂതല സർവേ ഉടനാരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കിയിരുന്നു. സാധ്യതാ പഠനം നടത്താൻ സർക്കാർ ഏജൻസിയെ ഏൽപിച്ചിട്ട് 3 മാസമായി.എന്നാൽ ഒരു സർവേയും ഇതുമായി ബന്ധപ്പെട്ട് നടന്നില്ല. സർവകക്ഷി യോഗം ചേർന്ന് തീരുമാനിക്കുമെന്ന ഉറപ്പ് സർക്കാരും ജില്ലാ ഭരണകൂടവും പാലിച്ചിട്ടുമില്ല.

കൊടും വരൾച്ചയിൽ നാട് നശിക്കുമ്പോഴും പദ്ധതിക്ക് എതിർപ്പുണ്ടെന്നു വരുത്തി ജനത്തെ കബളിപ്പിക്കുന്ന തന്ത്രമാണ് ഉത്തരവാദപ്പെട്ടവർ നടത്തുന്നതെന്നും കോൺഗ്രസ് കൂട്ടായ്മ ആരോപിച്ചു. ഈ സാഹചര്യത്തിൽ പദ്ധതിയോടുള്ള സർക്കാർ സമീപനം വ്യക്തമാക്കണം. വർഗീസ് മുരിയൻകാവിൽ അധ്യക്ഷത വഹിച്ചു. ഡിസിസി വൈസ് പ്രസിഡന്റ് ഒ.വി.അപ്പച്ചൻ ഉദ്ഘാടനം ചെയ്തു. പി.ഡി.സജി, ജോയി വാഴയിൽ, ശിവരാമൻ പാറക്കുഴി, വി.ടി. തോമസ്, സ്റ്റീഫൻ പുകുടി, പി.കെ.വിജയൻ, സി. കെ.ജോർജ്, തോമസ് പാഴൂക്കാലാ, എൽദോസ് കരിപ്പാക്കുടി, പി.കെ.ജോസ്, മാത്യു ഉണ്ണിപ്പള്ളി എന്നിവർ പ്രസംഗിച്ചു



# പഞ്ചായത്ത് കെട്ടിടങ്ങൾ കാടുകയറി നശിക്കുന്നു

**പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ കാടുകയറി നശിക്കുന്നു. മാസം തോറും പഞ്ചായത്തിന് അരലക്ഷത്തിനുമേൽ വരുമാനം ലഭിച്ചിരുന്ന മത്സ്യമാംസാദികൾ കച്ചവടം ചെയ്തിരുന്ന മാർക്കറ്റ് അടക്കമാണ് കാടുകയറി നശിക്കുന്നത്.**

**പനമരം:** പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ കാടുകയറി നശിക്കുന്നു. മാസം തോറും പഞ്ചായത്തിന് അരലക്ഷത്തിനുമേൽ വരുമാനം ലഭിച്ചിരുന്ന മത്സ്യമാംസാദികൾ കച്ചവടം ചെയ്തിരുന്ന മാർക്കറ്റ് അടക്കമാണ് കാടുകയറി നശിക്കുന്നത്. പഞ്ചായത്തധികൃതരുടെയും മറ്റും കടുത്ത അനാസ്ഥയാണ് ആർക്കും ഉപകാരപ്പെടാത്ത തരത്തിൽ കെട്ടിടങ്ങൾ നശിക്കാൻ കാരണമെന്ന് ഭരണസമിതിയിൽ ഉള്ളവർ തന്നെ കുറ്റപ്പെടുത്തുന്നു.

വേണ്ടത്ര അടിസ്ഥാന സൗകര്യം ഒരുക്കാത്തതും മത്സ്യം അടക്കം വഴിയോര കച്ചവടമായി മാറിയതുമാണു കച്ചവടക്കാർ പൂർണമായും മാർക്കറ്റിനെ കയ്യൊഴിയാൻ കാരണം. മാർക്കറ്റിൽ നിന്ന് കച്ചവടക്കാർ പോയതോടെ കെട്ടിടം സമൂഹവിരുദ്ധരുടെ പിടിയിലായി. പനമരം ബ്ലോക്ക് പഞ്ചായത്ത്, പൊലീസ് സ്റ്റേഷൻ റോഡരികിലാണ് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റ് കെട്ടിടവും ഇതിനോട് ചേർന്ന് ഓഫിസിനും വ്യാപാരങ്ങൾക്കും പറ്റിയ 8 മുറികളോട് കൂടിയ മറ്റൊരു കെട്ടിടവുമുള്ളത്. ഇതിൽ ഒന്നുപോലും ഇപ്പോൾ തുറന്നുപ്രവർത്തിക്കുന്നില്ല.

കെട്ടിടത്തിലെ പല മുറികളുടെയും പൂട്ട് തകർത്ത നിലയിലാണ്. പരിചരണം ഇല്ലാതായതോടെ കെട്ടിടം തകർച്ചയുടെ വക്കിലായി. ഷട്ടറുകൾ എല്ലാം തുരുമ്പെടുത്ത് നശിച്ചതിന് പുറമേ ചുമരുകളും തകർന്ന മറ്റും സ്ഥിതിയിലാണ്. ബ്ലോക്ക് പഞ്ചായത്ത് റോഡ് നന്നാക്കിയതോടെ മാർക്കറ്റിലേക്കുള്ള യാത്രാക്ലേശത്തിന് പരിഹാരമായി.

മാർക്കറ്റിന് സമീപത്ത് പൊലീസ് സ്റ്റേഷനും ബ്ലോക്ക് പഞ്ചായത്ത് ഓഫിസും പ്രവർത്തനം തുടങ്ങിയതോടെ ആളുകൾ എത്തുന്ന സാഹചര്യം കണക്കിലെടുത്ത് പഞ്ചായത്ത് അടിയന്തരമായി കാടുകൾ വെട്ടി മാറ്റി ഇരുകെട്ടിടങ്ങളും ഉപയോഗപ്രദമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചാൽ ഈ കെട്ടിടങ്ങളിൽ നിന്ന് മാത്രം വാടകയിനത്തിൽ ഒരു മാസം ഒരു ലക്ഷത്തിലേറെ രൂപ വരുമാനം നേടാൻ കഴിയുമെന്ന് നാട്ടുകാർ പറയുന്നു.



## ലൈഫ് മിഷൻ: ആദ്യ ഭവന സമുച്ചയം ഏപ്രിൽ 8 ന് തുറന്നു കൊടുക്കും

**കണ്ണൂർ:** ലൈഫ് മിഷൻ പദ്ധതി പ്രകാരം ജില്ലയിലെ ആദ്യ ഭവന സമുച്ചയം കടമ്പൂരിൽ ഏപ്രിൽ എട്ടിനു 10.30ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 3 ഘട്ടങ്ങളിലായി ജില്ലയിൽ ഇതുവരെ 6751 വീടുകളാണു പൂർത്തിയാകുന്നത്. പനോന്നേരിയിൽ കടമ്പൂർ പഞ്ചായത്ത് നൽകിയ 40 സെന്റിലാണു ഭവന സമുച്ചയം. 4 നിലകളിലായി 400 ചതുരശ്ര അടിയിൽ 44 ഫ്ലാറ്റുകളാണിവിടെയുള്ളത്.

രണ്ട് കിടപ്പുമുറി, അടുക്കള, ടോയ്‌ലറ്റ്, ബാത്‌റൂം സൗകര്യങ്ങളോടെയുള്ള ഫ്ലാറ്റിൽ വൈദ്യുതി, ശുദ്ധജല കണക്‌ഷനുകളും ലഭ്യമാക്കിയിട്ടുണ്ട്. സോളർ സംവിധാനം വഴി കെട്ടിട സമുച്ചയത്തിലെ പൊതു ഇടങ്ങളിൽ വൈദ്യുതി വിളക്കുകൾ ഒരുക്കും. കുഴൽക്കിണറിലൂടെയാണു ശുദ്ധജലം. ജല അതോറിറ്റിയും ശുദ്ധജലം വിതരണം ചെയ്യും.

25,000 ലീറ്ററിന്റെ 2 ടാങ്കുകൾ ഒരുക്കിയിട്ടുണ്ട്. എയ്റോബിക് ജൈവ മാലിന്യ സംസ്കരണ സംവിധാനവുമുണ്ട്. ഏറ്റവും താഴത്തെ നിലയിലെ ഫ്ലാറ്റുകൾ അംഗപരിമിതരുള്ള കുടുംബങ്ങൾക്കാണ്. 5.68 കോടി രൂപയാണ് അടങ്കൽ തുക. തൃശൂർ ജില്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘമാണു കൺസൽറ്റൻസി. തെലങ്കാനയിലെ പെന്നാർ ഇൻഡസ്ട്രീസ് കരാറുകാർ.

## അഴീക്കൽ മത്സ്യബന്ധന തുറമുഖത്തിന് രണ്ടു വർഷത്തിനകം നവീനമുഖം

**അഴീക്കോട്:** മത്സ്യബന്ധന തുറമുഖം രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്താൻ ലക്ഷ്യമിട്ട് നേരത്തെ പ്രഖ്യാപിച്ച 25.37 കോടി രൂപയുടെ പദ്ധതി രണ്ടു വർഷത്തിനകം പൂർത്തിയാക്കാൻ ധാരണ. കെ.വി. സുമേഷ് എംഎൽഎയുടെ അധ്യക്ഷതയിൽ അഴീക്കലിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. തുറമുഖ വികസനത്തിനുള്ള എംഎൽഎയുടെ അഭ്യർഥന മാനിച്ച് രണ്ടു വർഷം മുൻപ് മന്ത്രി സജി ചെറിയാൻ തുറമുഖത്തെത്തി കാര്യങ്ങൾ വിലയിരുത്തിയിരുന്നു.

തുടർന്നാണ് മാസ്റ്റർ പ്ലാൻ തയാറാക്കുകയും തുക അനുവദിക്കുകയും ചെയ്തത്. നബാർഡിന്റെ അംഗീകാരവും ഭരണാനുമതിയും ലഭിച്ചതിനാൽ വൈകാതെ ടെൻഡർ നടപടികളിലേക്ക് കടക്കാൻ എംഎൽഎ നിർദേശിച്ചു.

തുറമുഖ നവീകരണത്തിനൊപ്പം ഫിഷറീസ് സ്കൂളിനു കൂടി പ്രയോജനകരമാവുന്ന വിധം ആധുനിക സെവൻസ് ഫുട്ബോൾ മൈതാനവും ഒരുക്കും.

കരുത്തുറ്റ ഓജസ്സിന്റെ പുനർജന്മം
കായകൽപ ചികിത്സാരീതിയിൽ അമൂല്യ ഔഷധങ്ങളാൽ തയ്യാറാക്കിയ
ധാതു പുഷ്ടിയും ബലവും ഓജസ്സും വീണ്ടെടുക്കുവാൻ സഹായിക്കുന്നു
ഓജസെറ്റ് ക്യാപ്സൂൾ
OJUSET CAPSULES
SINCE 1995

ORDER NOW: 755 99 6 44 55
FREE DOCTOR CONSULTATION: 75 93 83 47 81
Available at amazon
എല്ലാ ഇംഗ്ലീഷ് - ആയുർവേദ മെഡിക്കൽ ഷോപ്പുകളിലും തപാലിലും ലഭിക്കുന്നു
www.ojuset.com

# കീമോതെറാപ്പിയിൽ പാൻക്രിയാറ്റൈറ്റിസ് സാധ്യത കുറയ്ക്കാൻ വൈറ്റമിൻ എ

അക്യൂട്ട് ലിംഫോബ്ലാസ്റ്റിക് ലുക്കീമിയ എന്ന അർബുദത്തിന് കീമോതെറാപ്പി ചെയ്യുന്ന കുട്ടികളും യുവാക്കളും പലപ്പോഴും അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ് പാൻക്രിയാസിനുണ്ടാകുന്ന വേദനാജനകമായ വീക്കം. ഇതിന് പരിഹാരം കാണാൻ വൈറ്റമിൻ എ ധാരാളമായി അടങ്ങിയ ഭക്ഷണക്രമത്തിലൂടെ സാധിക്കുമെന്ന് കണ്ടെത്തിയിരിക്കുകയാണ് പുതിയ പഠനം. സ്റ്റാൻഫോഡ് സർവകലാശാലയിലെ പീഡിയാട്രിക് ഗൈനക്കോളജി, ഹെപ്പറ്റോളജി ആൻഡ് ന്യൂട്രീഷൻ വിഭാഗവും സിൻസിനാറ്റി ചിൽഡ്രൻസ് ഹോസ്പിറ്റിൽ മെഡിക്കൽ സെൻററും ചേർന്നാണ് ഗവേഷണം നടത്തിയത്.

അക്യൂട്ട് ലിംഫോബ്ലാസ്റ്റിക് ലുക്കീമിയ ബാധിതരിൽ അസ്പാരജിനൈസ് എന്ന എൻസൈം ഉപയോഗിച്ച് നടത്തുന്ന ചികിത്സ രക്തത്തിലെ അസ്പാരജൈനിൻറെ അളവ് കുറയ്ക്കും. അർബുദകോശങ്ങൾക്ക് വളരാൻ അസ്പാരജൈൻ ആവശ്യമാണ്. ഇത് ലഭിക്കാതെ വരുമ്പോൾ അർബുദകോശങ്ങളുടെ വളർച്ചയെ മുരടിപ്പിക്കാൻ സാധിക്കുന്നതാണ്. മറ്റ് ചില മരുന്നുകൾക്കൊപ്പം ഞരമ്പുകളിലേക്ക് കുത്തിവയ്പ്പ് വഴിയാണ് അസ്പാരജിനൈസ് നൽകുന്നത്. എന്നാൽ ഈ ചികിത്സയുടെ സമയത്ത് രണ്ട് മുതൽ 10 ശതമാനം വരെ രോഗികൾക്ക് പാൻക്രിയാസ് വീക്കം ഉണ്ടാകാൻ സാധ്യതയുണ്ട്. മൂന്നിലൊന്ന് രോഗികളിൽ ഇത് മൂലമുള്ള ലക്ഷണങ്ങളും കടുത്തതായിരിക്കും.

ഇതിനൊരു പ്രതിവിധിയെന്ന നിലയിലാണ് വൈറ്റമിൻ എ ഭക്ഷണക്രമം ഗവേഷകർ മുന്നോട്ട് വയ്ക്കുന്നത്. വൈറ്റമിൻ എ ഭക്ഷണക്രമം പിന്തുടർന്ന അർബുദരോഗികളിൽ 1.4 ശതമാനത്തിന് മാത്രമേ അസ്പാരജിനൈസ് ഉപയോഗിച്ചുള്ള ചികിത്സയുടെ സമയത്ത് പാൻക്രിയാറ്റൈറ്റിസ് ഉണ്ടായുള്ളൂ എന്ന് ഗവേഷകർ കണ്ടെത്തി.

വൈറ്റമിൻ എ ഭക്ഷണക്രമം പിന്തുടരാത്ത രോഗികളിൽ 3.4 ശതമാനത്തിന് പാൻക്രിയാറ്റൈറ്റിസ് ഉണ്ടായതായും ഗവേഷകർ നിരീക്ഷിച്ചു.



# കൂർക്കംവലിയെ അറിയാം അപകടങ്ങൾ ഒഴിവാക്കാം



**ഡോ. മിഹിർ മോഹൻ ടി.** കൺസൾട്ടന്റ്, ഹെഡ് ആൻഡ് നെക്ക് സർജിക്കൽ ഓങ്കോളജി,ആസ്റ്റർ മിംസ് കോഴിക്കോട്

ലക്ഷക്കണക്കിന് ആളുകൾ വളരെ സാധാരണയായി അനുഭവിക്കുന്ന ഒരു പ്രശ്നമാണ് കൂർക്കം വലി.നിരുപദ്രവകരമാണെന്ന് തോന്നുമെങ്കിലും കൂർക്കം വലി ചിലപ്പോൾ ആരോഗ്യത്തെ ബാധിച്ചേക്കാം.

ഇതിനായി ആദ്യം മനസ്സിലാക്കേണ്ടത് .കൂർക്കംവലി എങ്ങനെ സംഭവിക്കുന്നുവെന്നും ശ്വാസനാളത്തിന്റെ ഘടന ഉറക്കത്തിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്നും ആണ്.നാം ശ്വസിക്കുമ്പോൾ, വായു മൂക്കിലൂടെയോ വായിലൂടെയോ തൊണ്ടയിലേക്ക് എത്തുന്നു. ജവമ്യ്യി്ഃ എന്ന ഇടുങ്ങിയ കുഴലിലൂടെയാണ് നമ്മുടെ ശ്വാസം കടന്നുപോകുന്നത് . എന്നാൽ ഉറക്കത്തിൽ, തൊണ്ടയിലെ പേശികൾ അയഞ്ഞിരിക്കുന്നതിനാൽ ശ്വാസനാളം ഇടുങ്ങിയതാകുന്നു . ഇങ്ങനെ വരുമ്പോൾ തൊണ്ടയിലൂടെയുള്ള സുഗമമായ വായു പ്രവാഹം നടക്കാതെ വരികയും തൊണ്ടയിലെ ടിഷ്യുകൾ വൈബ്രേറ്റ് ചെയ്യുകയും ഇങ്ങനെ ഉണ്ടാകുന്ന ശബ്ദം കൂർക്കം വലിയിൽ പരിണമിക്കുകയും ചെയ്യുന്നു.

### കൂർക്കംവലിക്ക് കാരണമാകുന്ന ഘടകങ്ങൾ:

**പ്രായം:** പ്രായം കൂടുന്തോറും തൊണ്ടയിലെ പേശികൾ നഷ്ടപ്പെടുകയും ദുർബലമാവുകയും ചെയ്യുന്നു, ഇത് കൂർക്കംവലി സാധ്യത വർദ്ധിപ്പിക്കും.

**പൊണ്ണത്തടി:** അമിതഭാരം ശ്വാസനാളത്തിന്റെ സങ്കോചത്തിൽ സമ്മർദ്ദം ചെലുത്തുകയും കൂർക്കംവലി സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും.

**പുകവലി:** പുകവലി തൊണ്ടയിലെ ടിഷ്യുകൾക്ക് വീക്കം ഉണ്ടാകാൻ കാരണമാകുന്നു

**മദ്യം പോലുള്ള ലഹരികൾ :** മദ്യവും അതുപോലുള്ള മറ്റുള്ള ലഹരികളും തൊണ്ടയിലെ പേശികൾക്ക് അയവ് വരുത്തും, ഇത് കൂർക്കംവലി സാധ്യത വർദ്ധിപ്പിക്കും.

**ശ്വാസതടസ്സം :** മൂക്കിലൂടെയുള്ള ശ്വാസപ്രവാഹത്തെ തടയുന്ന എന്തും കൂർക്കം വലിക്ക് കാരണമാകും. ഉദാഹരണത്തിന് അലർജി, ജലദോഷം, തുടങ്ങിയവ.

**സ്ലീപ്പ് പൊസിഷൻ:** മലർന്നു കിടന്ന് ഉറങ്ങുന്നത് കൂർക്കംവലി കൂടുതൽ വഷളാക്കും, ഉറക്കത്തിൽ നാവ് പിന്നിലേക്ക് പോകുന്നതിനാൽ ശ്വാസനാളം ഇടുങ്ങുന്നു.


### കൂർക്കംവലി ഉറക്കത്തെ ബാധിക്കുമോ?

കൂർക്കംവലി ഉറക്കത്തെ പ്രതികൂലമായി ബാധിക്കുന്നു,ഉറക്കത്തിന്റെ ഗുണനിലവാരം കുറയുന്നു: കൂർക്കംവലിയിൽ നിന്ന് നിങ്ങൾ പൂർണ്ണമായും ഉണർന്നില്ലെങ്കിലും, അത് നിങ്ങളുടെ ഉറക്കത്തിന്റെ ഗുണനിലവാരത്തെ തടസ്സപ്പെടുത്തുന്നു.സ്ലീപ്പ് അപ്നിയ: ശരീരത്തിലെ ഓക്സിജന്റെ അളവ് കുറയുന്നതിനാൽ ശ്വസനം നിലയ്ക്കുന്ന അവസ്ഥയാണിത്. ഇത് അമിതമായ പകൽ ഉറക്കത്തിനിടയാക്കും. ദീർഘകാലമായി ചികിത്സിക്കാത്ത അപ്നിയ പ്രഷർ,ഹൃദ്രോഗം മുതലായ അസുഖങ്ങളും നമ്മുക്കുണ്ടാക്കാം.

### കൂർക്കംവലി എങ്ങനെ ലഘൂകരിക്കാം?

ഉറക്ക ഗുളികകൾ കഴിക്കുന്നത് ഒഴിവാക്കുക.വൈകുന്നേരം 6 മണിക്ക് ശേഷം മദ്യം കഴിക്കുന്നത് ഒഴിവാക്കുക.മലർന്നു കിടന്ന് ഉറങ്ങുന്നത് കൂർക്കം വലിക്ക് കാരണമാകുന്നതിനാൽ ഒരു വശം ചെരിഞ്ഞു ഉറങ്ങാൻ ശ്രമിക്കുക.പുകവലി ഉപേക്ഷിക്കുക.അമിതഭാരം കുറയ്ക്കുക.കൂർക്കംവലിക്ക് കാരണമാകുന്ന ഘടകങ്ങൾ മനസ്സിലാക്കുന്നത്, അത് നിയന്ത്രിക്കാനും മൊത്തത്തിലുള്ള ആരോഗ്യം മെച്ചപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കാൻ നിങ്ങളെ സഹായിക്കും. കൂർക്കംവലി നിയന്ത്രിക്കാൻ ഇന്ന് ചികിത്സകളുണ്ട്. വിദഗ്ദ ഡോക്ടർമാരുടെ നിർദേശ പ്രകാരം കൂർക്കം വലി പ്രശ്നം ലഘൂകരിക്കാൻ സഹായിക്കുന്ന ചികിത്സകളെക്കുറിച്ച് സംസാരിക്കുക.

# കോവിഡ് അണുബാധ ജീനുകളുടെ ഘടനയിൽ മാറ്റം വരുത്തുമെന്നു പഠനം



കോവിഡ് ബാധിതരുടെ ജനിതക ഘടനയിൽ തന്നെ ചില മാറ്റങ്ങൾ വരുത്താൻ കൊറോണ വൈറസിന് സാധിച്ചേക്കാമെന്ന് പുതിയ പഠനം. ഇതാകാം പ്രതിരോധശേഷിയുമായി ബന്ധപ്പെട്ട ചില ലക്ഷണങ്ങൾക്കും ദീർഘകാല കോവിഡിലേക്കുമെല്ലാം നയിക്കുന്നതെന്നും അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് ടെക്സാസ് ഹെൽത്ത് സയൻസ് സെൻറർ നടത്തിയ ഗവേഷണം പറയുന്നു.

ക്രൊമാറ്റിൻ എന്ന ഘടനയിലാണ് കോശങ്ങളിലെ ജനിതക സാമഗ്രികൾ ശേഖരിച്ച് വയ്ക്കുന്നത്. കൊറോണ വൈറസ് വിഭാഗത്തിൽപ്പെട്ട ചില വൈറസുകൾ ക്രൊമാറ്റിനെ ഹൈജാക്ക് ചെയ്യുകയോ അതിൽ മാറ്റം വരുത്തുകയോ ചെയ്യുക വഴി കോശങ്ങൾക്കുള്ളിൽ വൈറസ് പെരുകാനുള്ള സാഹചര്യം ഒരുക്കുമെന്ന് ഗവേഷകർ ചൂണ്ടിക്കാണിക്കുന്നു.

കോവിഡ് അണുബാധയ്ക്ക് ശേഷം ഒരു സാധാരണ കോശത്തിലെ ക്രൊമാറ്റിൻ രൂപഘടനയിൽ ചില വ്യതിയാനങ്ങൾ കാണാനായെന്ന് ഗവേഷണത്തിന് നേതൃത്വം നൽകിയ വെൻബോ ലീ പറയുന്നു. ഈ വ്യതിയാനം ചില പ്രധാനപ്പെട്ട ജീനുകളിൽ മാറ്റത്തിന് കാരണമാകും. ഇൻറർലൂക്കിൻ6 പോലുള്ള ഇൻഫ്ളമേഷൻ ജീനിൽ വരുന്ന മാറ്റം കടുത്ത കോവിഡ് അണുബാധയുള്ളവരിൽ സൈറ്റോകീൻ അതിപ്രസരത്തിന് കാരണമാകും. രക്തത്തിലേക്ക് ശരീരം അമിതമായ തോതിൽ സൈറ്റോകീനുകളെ അഴിച്ചുവിടുന്ന കടുത്ത പ്രതിരോധ പ്രതികരണത്തെയാണ് സൈറ്റോകീൻ പ്രവാഹമെന്ന് പറയുന്നത്. ഇത് പല ആന്തരികാവയവങ്ങളെയും അപകടപ്പെടുത്താം.

ജീനുകളിലും ഫീനോടൈപ്പുകളിലും ദീർഘകാല മാറ്റങ്ങൾക്കും അണുബാധ വഴിവയ്ക്കാമെന്ന് സഹഗവേഷകനായ സിയോായി യുവാൻ കൂട്ടിച്ചേർക്കുന്നു. ദീർഘകാല കോവിഡ് ലക്ഷണങ്ങളുമായെല്ലാം ഈ ജനിതക ഘടനയിലെ മാറ്റങ്ങൾക്ക് ബന്ധമുണ്ടാകാമെന്ന് ഗവേഷകർ അനുമാനിക്കുന്നു. നേച്ചർ മൈക്രോബയോളജി ജേണലിലാണ് ഗവേഷണഫലം പ്രസിദ്ധീകരിച്ചത്.

# വേനൽക്കാല ആരോഗ്യസംരക്ഷണം

ചുട്ടുപൊള്ളുന്ന വേനലാണ്. വേനൽ കനക്കുന്നതിനൊപ്പം ആരോഗ്യക്ഷയവുമുണ്ടാകാൻ സാധ്യതയുള്ളതിനാൽ പ്രായമായവർ കൂടുതൽ ശ്രദ്ധിക്കണം. ഹൃദ്രോഗം, പ്രമേഹം, വൃക്കരോഗം എന്നിവയുള്ളവർ ആരോഗ്യത്തിൽ അതീവ ശ്രദ്ധ പുലർത്തണം. ശരീരതാപം വർധിക്കുക, അമിതമായ ക്ഷീണം, ദാഹം, തലവേദന തുടങ്ങിയവയ്ക്കു സാധ്യതയുണ്ട്. ചിലർക്ക് തലകറക്കവും മൂത്രത്തിന്റെ അളവു കുറയലും ദഹനത്തകരാറും വേനൽക്കാലത്ത് ഉണ്ടാകാറുണ്ട്. പ്രായമേറിയവർ ഈ ഘട്ടത്തിൽ നിലവിലുള്ള രോഗങ്ങൾ നിയന്ത്രണവിധേയമാണോ എന്നു നോക്കണം. ശരീരക്ഷീണം കൂടുതലാണെങ്കിൽ എത്രയും വേഗം ചികിത്സ തേടണം. വെയിലേറ്റാൽ സൂര്യാതപത്തിനുള്ള സാധ്യതയുണ്ട്. ആയുർവേദത്തിൽ ഗ്രീഷ്മ ഋതുചര്യയിൽ പറയുന്ന കാര്യങ്ങൾ വേനൽക്കാലത്ത് അനുവർത്തിക്കാവുന്നതാണ്.

- ശുദ്ധമായ തണുത്ത വെള്ളം അധികമായി കുടിക്കുക.
- ക്ഷീണം തോന്നുമ്പോൾ മതിയായ വിശ്രമമെടുക്കുക.
- ഉച്ചനേരത്ത് പുറത്തിറങ്ങാതിരിക്കുക.
- കാറ്റു കടക്കുന്ന അയഞ്ഞ കട്ടികുറഞ്ഞ വസ്ത്രങ്ങൾ ധരിക്കുക.
- പഴങ്ങൾ അധികമായി കഴിക്കുക. ജൂസ്, നാരങ്ങാവെള്ളം തുടങ്ങിയവ കുടിക്കാം.
- ദിവസേന രണ്ടു നേരം കുളി പതിവാക്കുക.

# പുതിയ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മൂന്നാറിൽ വരുന്നു



**മൂന്നാർ:** റിസോർട്ടുകളിൽ നിന്നുൾപ്പെടെയുള്ള ശുചിമുറി മാലിന്യങ്ങൾ പുഴയിലേക്ക് ഒഴുക്കുന്നതിന് പരിഹാരമായി പഞ്ചായത്ത് പുതിയ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (എസ്ടിപി) നിർമിക്കുന്നു. ശുചിത്വമിഷൻ, മൂന്നാർ പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ 3 കോടി രൂപ ചെലവിട്ട് നല്ലതണ്ണി കല്ലാറിലാണ് 50,000 ലീറ്റർ സംഭരണശേഷിയുള്ള പ്ലാന്റ് നിർമിക്കുന്നത്.

മൂന്നാറിലും പരിസര പ്രദേശങ്ങളിലുമുള്ള ഹോട്ടലുകൾ, റിസോർട്ടുകൾ, വീടുകൾ, ഹോംസ്റ്റേകൾ എന്നിവിടങ്ങളിൽ നിന്നുള്ള ശുചിമുറി മാലിന്യം പഞ്ചായത്ത് വാഹനത്തിൽ ശേഖരിച്ച് പ്ലാന്റിലെത്തിച്ച് വിവിധ പ്രക്രിയകൾ വഴി ശുദ്ധജലം, ബയോഗ്യാസ്, ജൈവവളമുണ്ടാക്കുന്നതിനുള്ള ഖര വസ്തുക്കൾ എന്നിവയാക്കി മാറ്റുന്നതാണ് പദ്ധതി. അനെറോബിക്, എയ്റോബിക് ബാക്ടീരിയകളുടെ സഹായത്തോടെയാണ് ജലം ശുദ്ധീകരിക്കുന്നത്.

കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്രീൻ മെതേഡ് എന്ന സ്ഥാപനമാണ് പ്ലാന്റ് നിർമിക്കുന്നത്. മൂന്നാർ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നു രാത്രി മുതിരപ്പുഴയിലേക്കും പൊതുവിടങ്ങളിലേക്കും ശുചിമുറി മാലിന്യങ്ങൾ ഒഴുക്കുന്നത് പതിവായിരുന്നു. പ്ലാന്റ് തയാറാകുന്നതോടെ നിശ്ചിത തുക ഈടാക്കി പഞ്ചായത്ത് വക വാഹനമെത്തി ശുചിമുറി മാലിന്യങ്ങൾ സംഭരിച്ചു കൊണ്ടുപോകുമെന്നും മേയ് 31ന് പ്ലാന്റ് പ്രവർത്തനമാരംഭിക്കുമെന്നും പഞ്ചായത്ത് പ്രസിഡന്റ് പ്രവീണ രവി, വൈസ് പ്രസിഡന്റ് എം.രാജേന്ദ്രൻ, സെക്രട്ടറി കെ.എൻ.സഹജൻ എന്നിവർ പറഞ്ഞു.

പ്ലാന്റ് പ്രവർത്തനമാരംഭിച്ച ശേഷം ശുചിമുറി മാലിന്യങ്ങൾ പഴയ രീതിയിൽ പുറത്തേക്കു തള്ളുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികളെടുക്കുമെന്നും അറിയിച്ചു. മുതിരപ്പുഴയിൽ ആരോഗ്യ വകുപ്പ് നടത്തിയ പരിശോധനയിൽ ശുചിമുറി മാലിന്യങ്ങൾ കലരുന്നതുമൂലം ജലത്തിൽ കോളിഫോം ബാക്ടീരിയകളുടെ അളവ് വളരെ കൂടുതലാണെന്ന് കണ്ടെത്തിയിരുന്നു.



# ജലനിധി ജലസംഭരണി തകർച്ചാ ഭീഷണിയിൽ

**എളവള്ളി :** വാക കുന്നിൽ ജലനിധി ശുദ്ധജല പദ്ധതിയുടെസംഭരണി തകർച്ചാ ഭീഷണിയിൽ. ഒരുലക്ഷം ലീറ്റർ വെള്ളം സംഭരിക്കുന്ന ടാങ്ക് സ്ഥിതി ചെയ്യുന്നതിന്റെ താഴെ നാലിടത്താണ് വിള്ളൽ. ചെങ്കൽ ഖനനം നടത്തി മണ്ണെടുപ്പ് നടത്തിയ കുന്നിന്റെ മുകളിൽ എളവള്ളി പഞ്ചായത്ത് 12 വർഷം മുൻപാണ് സംഭരണി നിർമിച്ചത്. മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുന്ന പ്രദേശം കൂടിയാണിത്. ഏതാനും വർഷം മുൻപ് ചെറിയ തോതിൽ കണ്ട വിള്ളൽ ഓരോ വർഷം കൂടും തോറും വികസിച്ച് വരുന്നതായി നാട്ടുകാർ പറഞ്ഞു.

ഗുരുവായൂർ റെയിൽവേ മേൽപാലത്തിനും സ്വകാര്യ വ്യക്തിക്ക് ടർഫ് നിർമിക്കുന്നതിനും മണ്ണെടുപ്പിന് അനുമതി നൽകിയ പ്രദേശത്താണ് ജലസംഭരണിയും ഉള്ളത്. വീടുകൾ തകർച്ച ഭീഷണി നേരിടുന്ന കണ്ടാണശേരി പഞ്ചായത്തിലെ അതിർത്തിയായ പയനിത്തടവും ഇതിനടുത്താണ്. ഇപ്പോൾ നടക്കുന്ന മണ്ണെടുപ്പ് വീടുകൾക്ക് കൂടുതൽ ഭീഷണിയാണെന്ന വാദവുമായി പ്രദേശത്ത് നാട്ടുകാരും വിവിധ രാഷ്ട്രീയ പാർട്ടികളും സമരത്തിലാണ്.

കഴിഞ്ഞ ദിവസം നടന്ന സർവകക്ഷിയോഗം റെയിൽവേ മേൽപാലത്തിന് മണ്ണെടുക്കുന്നതിനുള്ള തീരുമാനവുമായി മുന്നോട്ട് പോകുന്ന സാഹചര്യത്തിൽ തദ്ദേശവാസികളുടെ ആശങ്ക പരിഹരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

മണ്ണെടുപ്പ് മൂലം വിള്ളൽ വീണ ജലസംഭരണി പെട്ടെന്ന് നിലം പതിക്കാൻ സാധ്യതയുണ്ടെന്നും എളവള്ളി, കണ്ടാണശേരി പഞ്ചായത്തുകളിലെ ഒട്ടേറെ കുടുംബങ്ങൾ ദുരിതത്തിലാകുമെന്നും നാട്ടുകാർ പറഞ്ഞു. അടിയന്തരമായി പ്രശ്നം പരിഹരിക്കണമെന്നാണ് ആവശ്യം.



# കക്കയം ഡാമിലേക്ക് ജലമൊഴുക്ക് കുറഞ്ഞു

**കൂരാച്ചുണ്ട് :** വയനാട്ടിലെ ബാണാസുരസാഗർ അണക്കെട്ടിൽ ജലനിരപ്പു ക്രമാതീതമായി കുറയുന്നതു കക്കയം ജലവൈദ്യുത പദ്ധതിയിൽ ഉൽപാദനത്തെ ബാധിക്കുമെന്ന് ആശങ്ക. 210 മില്യൻ ക്യുബിക് മീറ്റർ സംഭരണശേഷിയുള്ള ബാണാസുരസാഗർ ഡാമിൽ ഇന്നലെ 70 മില്യൻ ക്യുബിക് മീറ്റർ വെള്ളം മാത്രമാണ് ഉള്ളത്. 2022 മാർച്ച് 27ന് ഡാമിൽ 67 ശതമാനം ജലം ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 33 ശതമാനമായി ജലനിരപ്പു താഴ്ന്നു. ഡാം വൃഷ്ടി പ്രദേശത്ത് തുലാവർഷ പെയ്ത്തും വേനൽമഴയും കുറഞ്ഞതും വൈദ്യുതി ഉൽപാദനം വർധിച്ചതും അണക്കെട്ടിൽ ജലനിരപ്പു കുറയാൻ കാരണമായി. ബാണാസുര അണക്കെട്ടിൽ നിന്നു ടണൽ മാർഗമാണ് ജലം കക്കയം ഡാമിലേക്ക് എത്തിക്കുന്നത്. 34 മില്യൻ ക്യുബിക് മീറ്റർ സംഭരണശേഷിയുള്ള കക്കയം ഡാമിൽ ഇന്നലെ 19 മില്യൻ ക്യുബിക് മീറ്റർ ജലമാണ് ഉള്ളത്. ഡാമിൽ 55 ശതമാനം ജലം നിലവിൽ ഉണ്ട്. 2022 മാർച്ച് മാസത്തിൽ 1.3 മില്യൻ യൂണിറ്റ് വൈദ്യുതി ദിവസേന ഉൽപാദിപ്പിച്ചത് ഇപ്പോൾ ഒരു മില്യൻ യൂണിറ്റായി കുറഞ്ഞു.

കക്കയം ഡാമിലെ ജലവിതാനം കുറയുന്നത് വൈദ്യുതി ഉൽപാദനത്തെയും ബാധിക്കും. കടുത്ത വേനലും ഡാമിലെ ജലനിരപ്പ് കുറയാൻ ഇടയാക്കുന്നുണ്ട്. വരും ദിവസങ്ങളിൽ ജലം വീണ്ടും താഴ്ന്നാൽ ഹൈഡൽ ടൂറിസം ബോട്ട് സർവീസും പ്രതിസന്ധിയിലാകും. കൂടാതെ വിനോദ സഞ്ചാരികളുടെ പ്രധാന ആകർഷണവും കക്കയത്തെ നിറഞ്ഞ അണക്കെട്ടാണ്.

# മലയോര മേഖലകളിലെ തോടുകൾ വറ്റിവരണ്ടു

**മണ്ണാർക്കാട്:** രൂക്ഷമായ ജലക്ഷാമത്തെ നേരിടാൻ മലയോര മേഖലകളിലെ തോടുകളിൽ പഞ്ചായത്തുകൾ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ചു നിർമിച്ച താൽക്കാലിക തടയണകളും വറ്റിവരണ്ടു. ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് പലയിടത്തും തടയണ നിർമാണം നടന്നത്. കോട്ടോപ്പാടം പഞ്ചായത്തിലെ കരടിയോട് മലേരിയം തോട്ടിൽ തൊഴിലുറപ്പ് തൊഴിലാളികൾ ഒരു മാസം മുൻപാണു തടയണകൾ നിർമിച്ചത്. നിർമാണ സമയത്തു വെള്ളം ഉണ്ടായിരുന്നെങ്കിലും ഒരു മാസം പിന്നിട്ടപ്പോഴേക്കു വറ്റി. മുൻ വർഷങ്ങളിലൊന്നും ഈ തോട് വറ്റിയിരുന്നില്ലെന്ന് ഇവിടത്തുകാർ പറയുന്നു. അന്നു തടയണകളോ മറ്റോ നിർമിച്ചിരുന്നില്ല. പക്ഷേ, തോടിന്റെ ഇരുകരയിലും നെല്ല് ഉൾപ്പെടെ കൃഷി വ്യാപകമായിരുന്നു.ഇന്നു നെൽക്കൃഷി തീരെയില്ല. തെങ്ങ്, കമുക്, റബർ തുടങ്ങിയ കൃഷികൾ വന്നതോടെ വരൾച്ചയും കൂടിയതെന്നാണ് നാട്ടുകാർ പറയുന്നത്. മലയോര മേഖലകളിലെ മിക്ക തോടുകളുടെയും അവസ്ഥ ഇതാണ്. ഇതോടെ മേഖലയിൽ ജലക്ഷാമം രൂക്ഷമായി.



# വൈലോപ്പിള്ളി കവിതകൾ ഉൾപ്പെടുത്തി പബ്ലിക് റഫറൻസ് ലൈബ്രറി സ്ഥാപിക്കും

**കൊച്ചി:**വൈലോപ്പിള്ളിക്ക് സ്മാരകമായി അദ്ദേഹത്തിന്റെ കവിതകൾ കൂടി ഉൾപ്പെടുത്തി പബ്ലിക് റഫറൻസ് ലൈബ്രറി സ്ഥാപിക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പറഞ്ഞു. ഇതിനായി പത്തു ലക്ഷം രൂപ അനുവദിക്കുമെന്നും അദ്ദേഹം പറഞ്ഞു. മുളന്തുരുത്തി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച വൈലോപ്പിള്ളി സ്മാരകത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.മലയാളത്തിലെ ഏറ്റവും ജനകീയവും കാവ്യ ഗുണസമ്പന്നവുമായ കവിത പിറന്ന ഈ ഇടത്തിൽ എഴുത്തുകാർക്കും സാംസ്കാരിക പ്രവർത്തകർക്കും ഒത്തു കൂടാൻ ഇടമൊരുക്കും. സ്കൂൾ അധ്യയനത്തിനു തടസം വരാത്ത രീതിയിൽ സാംസ്കാരിക സദസ്, വിജ്ഞാന സദസ് എന്നിവയും ഭാവിയിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുമെന്നും പ്രസിഡന്റ് പറഞ്ഞു. മാമ്പഴം കവിതയെ ആസ്പദമാക്കി സ്കൂൾ അങ്കണത്തിൽ അമ്മയും കുഞ്ഞും എന്ന പ്രതീകാത്മക ശിൽപം നിർമ്മിച്ച ശിൽപി ശിവദാസ് എടയ്ക്കാട്ടുവയലിനെ ചടങ്ങിൽ പ്രസിഡന്റ് ആദരിച്ചു. ജില്ലാ പഞ്ചായത്ത് 2022-23 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് ലക്ഷം രൂപ ചെലവഴിച്ചാണ് സ്മാരകം പൂർത്തീകരിച്ചത്.മുളന്തുരുത്തി ഗവൺമെന്റ് ഹൈസ്കൂളിൽ അദ്ധ്യാപകനായിരിക്കെ 1936 ലാണ് മാമ്പഴം കവിത വൈലോപ്പിള്ളി രചിച്ചത്.വൈസ് പ്രസിഡന്റ് സനിതാ റഹീം ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാജു പി. നായർ , മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മറിയാമ്മ ബെന്നി എന്നിവർ മുഖ്യാതിഥിയായി. മുളന്തുരുത്തി, ജി. എച്ച്. എസ്. എസ്. പ്രിൻസിപ്പാൾ ജി ഉല്ലാസ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ എം.ജെ.ജോമി, റാണിക്കുട്ടി ജോർജ്, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ , എൽദോ ടോം പോൾ, ശാരദാ മോഹൻ, അനിത ടീച്ചർ, ദീപു കുഞ്ഞുകുട്ടി, ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി ജി പ്രകാശ്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായജയ്നി രാജു, കെ കെ അജി, ഷാജി മാധവൻ, ഗ്രാമ പഞ്ചായത്ത് വൈ പ്രസിഡന്റ് രതീഷ് . കെ. ദിവാകരൻ, അംഗങ്ങളായ മാണി ജോർജ് , ബിനി ഷാജി , ജില്ലാ പഞ്ചായത്ത് ഫിനാൻസ് ഓഫീസർ ജോബി തോമസ്, ജോസഫ് അലക്സാണ്ടർ , എം സി . സുരേഷ്, സജി മുളന്തുരുത്തി, ജോളി പി. തോമസ്, സ്കൂൾ പ്രധാന അധ്യാപിക കെ കെ പ്രീതി, പ്രിടിഎ പ്രസിഡന്റ് കെ എസ് സജീവ് തുടങ്ങിയവർ പങ്കെടുത്തു.



# സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു

**കൊച്ചി:** കേരള സംസ്ഥാന യുവജന കമ്മീഷൻ 202223 വർഷത്തെ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു. വിവിധ സാമൂഹിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുവജനങ്ങൾക്കാണ് കമ്മീഷൻ അവാർഡ് നൽകുന്നത്. കല/സാംസ്കാരികം, കായികം, സാഹിത്യം, കാർഷികം, വ്യവസായ സംരംഭകത്വം, സാമൂഹിക സേവനം തുടങ്ങിയ മേഖലകളിൽ നിറസാന്നിദ്ധ്യമാവുകയും വ്യത്യസ്തവും മാതൃകാപരവുമായ ഇടപെടലുകളാൽ സമൂഹത്തിനാകെ പുതുവെളിച്ചമുണ്ടാക്കുകയും ചെയ്യുന്ന യുവജനങ്ങളെയാണ് കമ്മീഷൻ നിയോഗിച്ച പ്രത്യേക ജൂറി അവാർഡിനായി തിരഞ്ഞെടുത്തത്.കലാ സാംസ്കാരികം മേഖലയിൽ ചലച്ചിത്രനടൻ ആസിഫ് അലി അവാർഡിനർഹനായി.അഭിനയത്തികവോടെ വിഭിന്നങ്ങളായ കഥാപാത്രങ്ങളെ പ്രേക്ഷകർക്ക് മുന്നിൽ അഭിനയിച്ച് ഫലിപ്പിച്ച് മലയാളിയുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ യുവനടനായി പരിഗണിച്ചാണ് അവാർഡിനായി നിശ്ചയിച്ചത്.ഇന്ത്യൻ കായിക ഭൂപടത്തിൽ കേരളത്തിന്റെ സംഭാവനയായി ജ്വലിച്ചുയർന്ന ഒളിമ്പ്യൻ പി. ആർ. ശ്രീജേഷാണ് കായികരംഗത്തു നിന്ന് അവാർഡിനർഹനായത്. വാക്കുകളുടെ ലോകത്ത് യൗവനത്തിന്റെ പുതിയ ഭാഷയും ധിഷണയും കൊണ്ട് സ്വയം അടയാളപ്പെടുത്തിയ യുവ എഴുത്തുകാരി എം.കെ. ഷബിതയ്ക്കാണ്സാഹിത്യത്തിലുള്ള യൂത്ത് ഐക്കൺ പുരസ്കാരം. കാർഷികരംഗത്ത് നൂതനമായ പരീക്ഷണങ്ങളിലൂടെ കാർഷിക സംസ്കാരത്തിന് യൗവനത്തിന്റെ ചടുലമായ മുഖം നൽകി വിജയിപ്പിച്ച എസ്. പി സുജിത്താണ് കാർഷികരംഗത്തു നിന്ന് അവാർഡിനർഹനായത്.പ്രകൃതി സൗഹൃദ വ്യാവസായിക മാതൃകയുടെ മുഖമായ സഞ്ചി ബാഗ്സ് സി.ഇ.ഒ. ആതിര ഫിറോസ് വ്യവസായം/സംരഭകത്വം മേഖലയിൽ അവാർഡിനർഹയായി. ജീവകാരുണ്യ പ്രവർത്തന മേഖലയിൽ കേരളത്തിൽ തന്നെ ഏറ്റവും ശ്രദ്ധേയമായ സ്ഥാപനമായി മാറിയ ഗാന്ധിഭവൻ സാരഥി അമൽ രാജ്സാമൂഹിക സേവന മേഖലയിൽ നിന്നും യൂത്ത് ഐക്കണായി തിരഞ്ഞെടുക്കപ്പെട്ടു. എറണാകുളം മഹാരാജാസ് കോളേജിൽ നടന്ന ചടങ്ങിൽ പ്രൊഫ. എം. കെ. സാനു മാസ്റ്ററാണ് യൂത്ത് ഐക്കൺ അവാർഡ് ഫലപ്രഖ്യാപനം നടത്തിയത്.

# യാത്രയായി വിവാൻ സുന്ദരം, അനശ്വരം സൃഷ്ടികൾ

**കൊച്ചി:** രാജ്യത്തെ ഏറ്റവും പ്രമുഖ സമകാലീന കലാകാരൻമാരിൽ ഒരാളായ വിവാൻ സുന്ദരം വിടപറയുമ്പോഴും ആ പ്രതിഭയുടെയും നിലപാടുകളുടെയും അനശ്വരത പ്രതിഫലിപ്പിച്ച് കൊച്ചി മുസിരിസ് ബിനാലെയിൽ അദ്ദേഹത്തിന്റെ സൃഷ്ടികൾ. മെക്സിക്കൻ യാത്ര, മാച്ചു പീച്ചുവിന്റെ ഉയരങ്ങൾ എന്നീ ഡ്രോയിംഗ് പരമ്പരകളിലുൾപ്പെട്ട ആവിഷ്കാരങ്ങളാണ് അദ്ദേഹത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത രാഷ്ട്രീയ, സാമൂഹ്യ പ്രതിബദ്ധത വ്യക്തമാക്കിക്കൊണ്ട് ഫോർട്ട്കൊച്ചി ആസ്പിൻവാൾ ഹൗസിൽ ആസ്വാദകരോട് സംവദിക്കുന്നത്.ഒരിക്കൽ കാൻകൂണിൽ നിന്ന് മെക്സിക്കോ സിറ്റിയിലേക്ക് വിവാൻ സുന്ദരം നടത്തിയ സഞ്ചാരമാണ് 'മെക്സിക്കൻ യാത്ര' എന്ന രചനയ്ക്ക് ആധാരം. മായൻ ക്ഷേത്രങ്ങളിലെ വാസ്തു രൂപങ്ങൾ, ചുവർ ശിൽപങ്ങൾ, ഇന്ദ്രിയാനുഭൂതി തരുന്ന ചിഹ്നവിദ്യകളുള്ള ശിൽപ പ്രതലങ്ങൾ, മൊസൈക്കുകൾ എന്നിവയിലൂടെ കടന്നുപോയ കലാകാരൻ മെക്സിക്കോയുടെ ഭൂതകാലത്തിനൊപ്പം അതിന്റെ അവശേഷിപ്പുകളും മേലെ പ്രതിഷ്ഠിച്ചുകൊണ്ട് ഭൂപ്രകൃതിയുടെ പെരിസ്കോപ്പിക് കാഴ്ച്ചയാണ് മെക്സിക്കൻ യാത്രയിൽ അവതരിപ്പിക്കുന്നത്. രചനകളിലെ കോണാകൃതിയിലുള്ള ക്ഷേത്രങ്ങൾ ഭരണാധികാരികളുടെ ആരോഹണത്തെയും ഏകാധിപത്യപ്രവണതയെയും ഓർമ്മിപ്പിക്കുന്നു. 25 ഡ്രോയിംഗുകളുടെ പരമ്പരയിൽ നിന്നുള്ള സൃഷ്ടികളാണ് 'മാച്ചു പീച്ചുവിന്റെ ഉയരങ്ങൾ' അവതരിപ്പിക്കുന്നത്. 'മാച്ചു പീച്ചുവിന്റെ ഉയരങ്ങൾ' എന്ന വിഖ്യാത ചിലിയൻ കവി പാബ്ലോ നെരൂദയുടെ 1944ലെ കവിതയുടെ പ്രചോദനത്തിൽ അതേ പേരുതന്നെ നൽകി വിവാനും വരയിൽ ആവിഷ്കാരമൊരുക്കുകയായിരുന്നു. കവിത പോലെ ചിത്രവും പ്രസിദ്ധം. നഗരങ്ങളുടെ ഉയർച്ചയും തകർച്ചയും കാണാം. വരകളിൽ ശരീര ചലനങ്ങളെ വലിച്ചുനീട്ടിയിരിക്കുന്നു. കൂർക്കം വലിക്കുന്ന വായ് തമോഗർത്തങ്ങൾ പോലെ തുറന്നിരിക്കുന്ന എല്ലുന്തിയ അടിമയുടെ ചിത്രം മാച്ചു പീച്ചുവിന്റെ ആലങ്കാരിക ഘടനയ്ക്ക് കീഴെ കാണാം. ഇങ്ങനെ വ്യത്യസ്തവും ഉന്നതവുമായ തലങ്ങൾ ആവിഷ്കാരം പ്രകാശിപ്പിക്കുന്നു.രാജ്യത്തെ ആദ്യ പ്രതിഷ്ഠാപന കലാകാരന്മാരിൽ പ്രമുഖനായ വിവാൻ സുന്ദരം കൊച്ചിമുസിരിസ് ബിനലെയുടെ ആദ്യപതിപ്പിലും പങ്കെടുത്തു. 'ബ്ലാക്ക് ഗോൾഡ് ' എന്ന ഇൻസ്റ്റലേഷനാണ് 2012ൽ അദ്ദേഹം ഒരുക്കിയത്. മുസിരിസിൽ നിന്നു ഖനനം ചെയ്തെടുത്ത, നൂറ്റാണ്ടുകൾ പഴക്കമുള്ള മൺപാത്രങ്ങളുടെ അവശിഷ്ടങ്ങൾ ഉപയോഗിച്ചായിരുന്നു ഇൻസ്റ്റലേഷൻ. ആ ചെറു കഷണങ്ങൾ പലവിധത്തിൽ കൂട്ടിച്ചേർത്തും നിരത്തിവെച്ചും കെട്ടിയുയർത്തിയും നഗര രൂപത്തിന്റെ പുനഃസൃഷ്ടിയാണ് വിവാൻ സുന്ദരം നടത്തിയത്. മുസിരിസിന്റെ ശക്തമായ വാണിജ്യബന്ധങ്ങൾ സൂചിപ്പിക്കാൻ കുരുമുളകും അതിൽ ഉപയോഗിച്ചു. ഈ സൃഷ്ടിയുടെ വിവിധ ഘട്ടങ്ങളത്രയും ചിത്രീകരിച്ച് ഒരു വീഡിയോ ഇൻസ്റ്റലേഷനും ബിനാലെയിൽ തയ്യാറാക്കി.



## എയർപോർട്ടിൽ ജോലി നേടാൻ അവസരം

**കൊച്ചി:** രാജ്യത്തെ മുൻനിര എയർപോർട്ട് ഗ്രൗണ്ട് ഹാൻഡ്ലിംഗ് കമ്പനികളിൽ കസ്റ്റമർ റിലേഷൻ എക്സിക്യൂട്ടീവ്. എയർപോർട്ട് ഓപ്പറേഷൻസ്, കാർഗോ ഓപ്പറേഷൻസ് എക്സിക്യൂട്ടീവ് , എയർ റെസ്ക്യൂ ടീം ആയി രാജ്യാന്തര എയർപോർട്ടുകളിൽ ജോലി ചെയ്യാൻ അവസരം. നന്നായി ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ അറിയാവുന്ന പ്ലസ് ടു ,ബിരുദധാരികൾക്ക് അപേക്ഷിക്കാം. നാല്പത്തഞ്ചു ദിവസം മുതൽ മൂന്ന് മാസം വരെ നീണ്ടു നിൽക്കുന്ന പരിശീലനം 'GMR ഏവിയേഷൻ അക്കാഡമിയുടെ' നേതൃത്വത്തിൽ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് , കളമശ്ശേരിയിൽ വച്ചു ഉടനെ ആരംഭിക്കും.

പ്രായപരിധി : 18 27 വയസ്സ് .കൂടുതൽ വിവരങ്ങൾക്കായ് പ്രവൃത്തിദിവസങ്ങളിൽ 10 മുതൽ 5 മണി വരെ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് , കളമശ്ശേരിയിൽ ഉള്ള ഏങ്ങഞ ഓഫീസിൽ നേരിട്ടോ അല്ലെങ്കിൽ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക :+91 7907842415 , +91 7012969277. E-mail : mathews.pb@gmrgroup.in, lakshmi.menon@gmrgroup.in

## കരാർ നിയമനം

**കൊച്ചി:** കൊല്ലം ഗവ. വൃദ്ധസദനത്തിൽ എച്ച്.എൽ.എഫ്.പി.പി.ടി മുഖാന്തിരം നടപ്പിലാക്കുന്ന സെക്കന്റ് ഇന്നിംഗ്സ് പദ്ധതിയിലേക്ക് കരാർ അടിസ്ഥാനത്തിൽ സ്റ്റാഫ് നഴ്സ്, ഹൗസ് കീപ്പിങ്സ്റ്റാഫ്, ഫിസിയോ തെറാപിസ്റ്റ് തസ്തികയിലേക്ക് ഒഴിവുണ്ട്. സ്റ്റാഫ്നഴ്സ് യോഗ്യത ജിഎൻഎംബി.എസ്.സി രണ്ട് വർഷത്തെ പ്രവൃത്തി പരിചയം ഫിസിയോതെറാപിസ്റ്റ് യോഗ്യത അംഗീകൃത ഫിസിയോ തെറാപ്പി ബിരുദം ഹൗസ് കീപ്പിങ് സ്റ്റാഫ് യോഗ്യത എട്ടാം ക്ലാസ്,പ്രായപരിധി 50 വയസ്സ് അയക്കേണ്ട വിലാസം hr.kerala@hlfppt.org, sihkollam@hlfppt.org, അവസാന തീയതി ഏപ്രിൽ നാല്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ 7909252751, 8714619966

## ഗവ:അഡ്വാൻസ്ഡ് ഷോർട്ട് ടേം കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഗവ: എ.വി.ടി.എസ് കളമശ്ശേരിയിൽ നടത്തുന്ന മെഷീൻ ടൂൾ മെയിന്റനൻസ് (മെക്കാനിക്കൽ), ഡൊമസ്റ്റിക് അപ്ലയൻസസ് മെയിന്റനൻസ് (ഇലക്ട്രിക്കൽ) എന്നീ ഒരു മാസം ദൈർഘ്യമുള്ള ഗവ:അഡ്വാൻസ്ഡ് ഷോർട്ട് ടേം കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഐ.ടി.ഐ കളമശ്ശേരി ക്യാംപസിൽ പ്രവർത്തിക്കുന്ന ഗവ:എ.വി.ടി.എസ് കളമശ്ശേരിയിൽ നേരിട്ട് നൽകാം. ഐ.ടി.ഐ ട്രേഡുകൾ (എൻടിസി) പാസായവർക്കോ/ ഡിപ്ലോമ/ഡിഗ്രിയുള്ളവർക്കോ/ മൂന്ന് വർഷത്തെ പ്രാക്ടിക്കൽ പ്രവൃത്തിപരിചയമുള്ളവർക്കോ സ്പോൺസർഷിപ്പോടു കൂടിയോ അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2557275, 9847964698.

# സെപ്ടേജ് മാലിന്യം സംസ്‌ക്കരിക്കൽ; ഓൺലൈൻ സംവിധാനവുമായി കൊച്ചി കോർപ്പറേഷൻ

**കൊച്ചി:** കൊച്ചി നഗരത്തിലെ സെപ്ടേജ് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്ന പ്രവർത്തനം പൂർണ്ണമായും ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തി പരിഷ്കരിക്കുന്നു. സെപ്റ്റേജ് മാലിന്യ ടാങ്കറുകൾ ഓൺലൈൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്ത് പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിനും അനധികൃതമായി മാലിന്യം ശേഖരിച്ച് ജലാശയങ്ങളിലും പൊതുസ്ഥലത്തും ഒഴുക്കുന്നത് നിയന്ത്രിക്കുകയുമാണ് നഗരസഭ ലക്ഷ്യമിടുന്നതെന്ന് കൊച്ചി മേയർ അഡ്വ.എം.അനിൽ കുമാർ പറഞ്ഞു.പുതിയ സംവിധാനം 2023 ഏപ്രിൽ 15 മുതൽ നിലവിൽ വരും. ജനങ്ങൾക്ക് 'മൈ കൊച്ചി' മൊബൈൽ ആപ്പ് വഴിയോ ാൗസീരവശ.ഹ്ഴെസല്യമഹമ.ഴീ.ശി എന്ന വെബ്പോർട്ടൽ വഴിയോ ഓൺലൈനായി ബുക്ക് ചെയ്യാവുന്നതാണ്. ബുക്ക് ചെയ്യുമ്പോൾ തന്നെ സേവനം ലഭ്യമാക്കുന്ന സമയം അറിയുവാൻ കഴിയുന്നതും, കൃത്യസമയത്തു തന്നെ സേവനം ഉറപ്പാക്കുന്നതുമാണ് പ്രവർത്തന രീതി. ഇതിലൂടെ അമിത തുക ഈടാക്കുന്നത് ഒഴിവാക്കുവാനും കഴിയും. മുഴുവൻ സെപ്ടേജ് വാഹനങ്ങളും ജി.പി.എസ്. ഘടിപ്പിച്ച് നഗരസഭയുടെ കൺട്രോൾ റൂമിന്റെ നിരന്തര നിരീക്ഷണത്തിലായിരിക്കും. പദ്ധതി നടപ്പിലാക്കിയാൽ നഗരസഭയുടെ അംഗീകാരമില്ലാതെയും, ജി.പി.എസ്. ഘടിപ്പിക്കാതെയും നഗരത്തിൽ പ്രവേശിക്കുന്ന സെപ്റ്റേജ് മാലിന്യം ശേഖരിക്കുന്ന വാഹനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കും. പൊതുജനങ്ങൾക്കും ഇക്കാര്യം പരിശോധിക്കുവാൻ സംവിധാനമുണ്ടാകും. വാഹനത്തിൽ പതിപ്പിക്കുന്ന ക്യൂ.ആർ. കോഡ് റീഡ് ചെയ്താൽ വാഹനത്തെയും, മാലിന്യത്തെയും സംബന്ധിച്ച വിവരങ്ങളും, പാസ്സ് സംബന്ധിച്ച വിവരങ്ങളും, വാഹനത്തിന്റെ സഞ്ചാരപാത സംബന്ധിച്ച (ജി.പി.എസ്) വിവരങ്ങളും അറിയുവാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട സേവനങ്ങളും പരാതികളും കൈകാര്യം ചെയ്യുന്നതിനുവേണ്ടി 24/7 പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിക്കും. ഈ മേഖലയിൽ പ്രവർത്തിപരിചയമുള്ള ടാങ്കർലോറി ഉടമകൾക്ക് ഏപ്രിൽ 05ന് മുമ്പ് https://mykochi.lsgkerala.gov.in/septage എന്ന ലിങ്കിലൂടെ വാഹനങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. നൽകുന്ന വിവരങ്ങൾ പരിശോധിച്ച് ബൈലോ മാനദണ്ഡപ്രകാരമാണ് വാഹനങ്ങൾക്കു ലൈസൻസ് നൽകുന്നത്.

# കുഫോസിൽ ഫിഷാക്കത്തോൺ തുടങ്ങി




**കൊച്ചി :** കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) പ്രവർത്തിക്കുന്ന ബിസിനസ്സ് ഇർക്യുബേഷൻ സെന്റർ, ഫിഷറീസുമായി ബന്ധപ്പെട്ട മേഖലകളിൽ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുള്ള നവീന ആശയങ്ങൾ കണ്ടെത്തുന്നതിനായി നടത്തുന്ന മത്സരമായ 'ഫിഷാക്കത്തോൺ' (എശവെമരസമവേീ) തുടങ്ങി. വൈസ് ചാൻസലർ ഡോ.റോസലിന്റ് ജോർജ്ജ് ഉത്ഘാടനം ചെയ്തു. രജിസ്ട്രാർ ഡോ.ദിനേശ് കൈപ്പിള്ളി, ഗവേഷണ വിഭാഗം മേധാവി ഡോ.ദേവിക പിള്ള, കുഫോസ് ബിസിനസ്സ് ഇൻകുബേഷൻ സെന്റർ കോർഡിനേററർ ഡോ.രാധിക രാജ്യശ്രീ, കെ.ശിവകുമാർ (ഇന്നവേറ്റീവ് ഫുഡ്, കൊച്ചി), മുഹമ്മദ് ഫാസിൽ (കേരള സ്റ്റാർട്ട് അപ് മിഷൻ) എന്നിവർ പ്രസംഗിച്ചു. ഫിഷാക്കത്തോണിൽ മികച്ച ആശയങ്ങൾ അവതരിപ്പിക്കുന്നവർക്ക് സ്റ്റാർട്ട് അപ്പ് പ്രാവർത്തികമാക്കുന്നതിനുള്ള സാങ്കേതികസാമ്പത്തിക സഹായങ്ങൾ കുഫോസ് നൽകും. കോളേജ് വിദ്യാർത്ഥികൾ ഉൾപ്പടെ 50 യുവ സംരംഭകരാണ് മത്സരത്തിൽ പങ്കെടുന്നത്.

# കൊച്ചിൻ കാർഡിയാക് ഫോറം: ഡോ. പ്രവീൺ. ജി പൈ പ്രസിഡന്റ്

## ഡോ.ഹിമൽരാജ് സെക്രട്ടറി



ഡോ. പ്രവീൺ. ജി. പൈ



ഡോ.ഹിമൽരാജ്

**കൊച്ചി:** കൊച്ചിൻ കാർഡിയാക് ഫോറം പ്രസിഡന്റായി ഡോ. പ്രവീൺ. ജി. പൈ യേയും സെക്രട്ടറിയായി ഡോ.എം. ഹിമൽ രാജിനെയും തിരഞ്ഞെടുത്തു. കൊച്ചി അമൃത ഹോസ്പിറ്റലിലെ കാർഡിയോളജി പ്രഫസറാണ് ഡോ. പ്രവീൺ.ജി. പൈ. ആലുവ സമരിറ്റൻ ഹോസ്പിറ്റലിലെ സീനിയർ കാർഡിയോളജിസ്റ്റാണ് ഡോ. എം. ഹിമൽ രാജ്

# സ്വകാര്യ ബസുകളുടെ നഗരപ്രവേശനം; വൈപ്പിൻകരയ്ക്ക് പ്രത്യേക സ്കീം



**വൈപ്പിൻ:** സ്വകാര്യ ബസുകളുടെ നഗരപ്രവേശനം സാധ്യമാക്കുന്നതിന് വൈപ്പിൻകരയ്ക്കു പ്രത്യേകമായി പുതിയ സ്കീം തയ്യാറാക്കാൻ ഗതാഗത മന്ത്രി അഡ്വ. ആന്റണി രാജുവിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനമായി. നിയമപരമായ സുസ്ഥിര പ്രാബല്യത്തിനായാണ് പുതിയ സ്കീം കൊണ്ടുവരുന്നത്.നിരവധി കോടതി വിധികളുടെ പശ്ചാത്തലത്തിൽ സ്വകാര്യ ബസുകളുടെ നഗര പ്രവേശനം നടപ്പാക്കുന്നതിന് നിയമപരമായ സാധുതയും പ്രായോഗികതയും യോഗം വിലയിരുത്തി. മോട്ടോർവാഹന വകുപ്പുമായി കൂടിയാലോചിച്ചു ദിവസങ്ങൾക്കകം പുതിയ സ്കീം തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാൻ യോഗത്തിൽ തീരുമാനിച്ചു. ഇത് സംബന്ധിച്ച് ഉടൻ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ മന്ത്രി നിർദേശം നൽകി. പുതിയ സ്കീം ജൂണിൽ പ്രാബല്യത്തിലാക്കുന്നതിനായി എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കണമെന്ന് യോഗം വിലയിരുത്തി. പുതിയ സ്കീം നടപ്പാക്കിയാൽ ഇപ്പോഴത്തെയും ഭാവിയിലെയും യാത്രാവശ്യങ്ങൾ പരിഹരിക്കാൻ കഴിയും. കെ.എസ്.ആർ.ടി.സിയെ ബാധിക്കാത്ത വിധത്തിൽ ഗോശ്രീ പാലം, കണ്ടെയ്നർ റോഡ് എന്നിവയിലൂടെ പുതിയ സ്കീം കൊണ്ടുവന്ന് അതിൽ നിലവിലെ സ്വകാര്യ ബസുകളെയും ഭാവിയിൽ വന്നേക്കാവുന്ന പുതിയ ഓപ്പറേറ്ററുകളെയും ഉൾപ്പെടുത്തി പെർമിറ്റ് നൽകാൻ സ്കീമിൽ വ്യവസ്ഥ ചെയ്യണമെന്ന് കെ.എസ്.ആർ.ടി.സി അധികൃതർ അഭിപ്രായപ്പെട്ടു.വൈപ്പിൻ ബസുകളുടെ നഗര പ്രവേശനം സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് യോഗത്തിൽ വിശദീകരിച്ചു. നഗരപ്രവേശനത്തിനു 2017ലെയും 2019ലെയും സർക്കാർ ഉത്തരവനുസരിച്ചുള്ള സ്കീമുകളിൽ ഭേദഗതി വരുത്തിയാൽ മതിയാകുമെന്ന് മോട്ടോർ വാഹനവകുപ്പ് യോഗത്തിൽ നിർദ്ദേശിച്ചു. കെ.എൻ.എം ഉണ്ണികൃഷ്ണൻ എം.എൽ.എ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ കെ മനോജ്കുമാർ, എറണാകുളം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഷാജി മാധവൻ, കെ.എസ്.ആർ.ടി.സി ഓപ്പറേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ജി.പി പ്രദീപ കുമാർ, കെ.എസ്.ആർ.ടി.സി സെൻട്രൽ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ടി സെബി, ആർ.ടി.ഒ മാരായ പി.എം ഷബീർ, ആനന്ദകൃഷ്ണൻ എന്നിവർ തിരുവനന്തപുരത്ത് നടന്ന യോഗത്തിൽ പങ്കെടുത്തു.

# അവലോൺ ടെക്നോളജീസ് ഐപിഒ ഏപ്രിൽ മൂന്നു മുതൽ

**കൊച്ചി:** അവലോൺ ടെക്നോളജീസ് ലിമിറ്റഡിന്റെ 865 കോടി രൂപയുടെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) ഏപ്രിൽ മൂന്നു മുതൽ ആറു വരെ നടക്കും. 320 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 545 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലും ഉൾപ്പെടുന്നതാണ് ഐപിഒ. രണ്ട് രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരി ഒന്നിന 415 രൂപ മുതൽ 436 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 34 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് അതിന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.

## എസ് പിസി ലൈഫ് സയൻസസ് ലിമിറ്റഡ് ഐപിഒയ്ക്ക്

കൊച്ചി: ഫാർമസ്യൂട്ടിക്കൽ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഇന്ത്യയിലെ മുൻനിര കമ്പനിയായ എസ് പിസി ലൈഫ് സയൻസസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ(ഡിആർഎച്ച്പി) സമർപ്പിച്ചു. പത്ത് രൂപ മുഖവിലയുള്ള 300 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 8,938,870 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആംബിറ്റ് പ്രൈവറ്റ് ലിമിറ്റഡ്, എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

### ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ

# 4 % ഓഹരികൾ കൂടി സ്വന്തമാക്കി ഡോ. ആസാദ് മൂപ്പന്റെ കുടുംബം

**കൊച്ചി:** ഇന്ത്യയിൽ ലിസ്റ്റ് ചെയ്ത വൻകിട സ്വകാര്യ ഇക്വിറ്റി നിക്ഷേപിത സ്ഥാപനങ്ങളിലൊന്നായ ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിൽ പ്രമോട്ടർമാർ നാലു ശതമാനം ഓഹരികൾ കൂടി സ്വന്തമാക്കി. 460 കോടി രൂപയുടെ (207 ദശലക്ഷം ദിർഹം) അധിക നിക്ഷേപത്തിലൂടെ പ്രമോർട്ടർമാർ കമ്പനിയിലെ ഓഹരി പങ്കാളിത്തം 37.88 ശതമാനത്തിൽ നിന്ന് 41.88 ശതമാനമായി വർധിപ്പിച്ചു.ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ ഈ രംഗത്തെ വളർച്ചയിലുള്ള ആത്മവിശ്വാസവും, തങ്ങളിൽ വിശ്വാസമർപ്പിച്ച രോഗികളോടും, ജീവനക്കാരോടും തുടരുന്ന പ്രതിബദ്ധതതയും കണക്കിലെടുത്താണ് ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിലെ ഓഹരികൾ വർദ്ധിപ്പിക്കാൻ പ്രേരിപ്പിച്ചതെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിന്റെ സ്ഥാപക ചെയർമാനും, മാനേജിങ്ങ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. ഒരു കുടുംബമെന്ന നിലയിൽ തങ്ങൾ ആസ്റ്ററിനോട് പൂർണ്ണമായും പ്രതിജ്ഞാബദ്ധരാണ്. ഉടമസ്ഥരെന്ന നിലയിലും, മാനേജ്മെന്റ് തലത്തിലും, ജിസിസി, ഇന്ത്യ എന്നിവിടങ്ങളിലെ ബിസിനസുകളിൽ തുടർച്ചയായ പങ്കാളിത്തം വാഗ്ദാനം ചെയ്യുന്നതായും ഡോ. ആസാദ് മൂപ്പൻ വ്യക്തമാക്കി.2021–22 സാമ്പത്തിക വർഷത്തിൽ 10,253 കോടി രൂപ അഥവാ 5 ബില്യൺ ദിർഹം വിറ്റുവരവുള്ള ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ, ഈ സാമ്പത്തിക വർഷത്തിൽ വിറ്റുവരവിലും ലാഭത്തിലും മികച്ച പ്രകടനം കാഴ്ചവെക്കുന്നു. ഇന്ത്യയിലെയും, ജിസിസിയിലെയും ബിസിനസുകളുടെ നവീകരണ ദൗത്യങ്ങൾ സജീവമായി പിന്തുടരുന്നതിനാൽ സ്ഥാപനം വളർച്ചയുടെ ആവേശകരമായ ഘട്ടത്തിലാണ്.ഇന്ത്യയിൽ കേരളത്തിലെ തിരുവനന്തപുരത്ത് 350 കിടക്കകളുള്ള ആസ്റ്റർ ക്യാപിറ്റൽ ഹോസ്പിറ്റൽ, 200 കിടക്കകളുള്ള ആസ്റ്റർ മിംസ് ഹോസ്പിറ്റൽ, കാസർഗോഡ്, ആന്ധ്രപ്രദേശിൽ 150 കിടക്കകളുള്ള ആസ്റ്റർ നാരായണാദ്രി ഹോസ്പിറ്റൽ, കർണ്ണാടകയിലെ മാണ്ഡ്യയിൽ 100 കിടക്കകളുള്ള ആസ്റ്റർ ജി മാദഗൗഡ ഹോസ്പിറ്റൽ തുടങ്ങിയ പുതിയ പദ്ധതികളുമായി ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ മുന്നോട്ട് പോവുകയാണ്. ഇതിനകം 239 ആസ്റ്റർ ഫാർമസികളും 177 ആസ്റ്റർ ലാബ്സ് പേഷ്യന്റ് എക്സ്പീരിയൻസ് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം ഇന്ത്യയിലെ നിലവിലുള്ള 15 ആശുപത്രികളിലായുള്ള 4,095 കിടക്കകൾ, 18 ആശുപത്രികളിലായി 4,670 ആയി ഉയരും. ഗുണഭോക്താക്കൾക്ക് വിവിധ തലങ്ങളിൽ നിന്നും അനായസകരമായ പരിചരണം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഈ വർഷം ആരംഭിച്ച ്യഅല്ലേ്യ ആപ്പിലൂടെ ആസ്റ്റർ ഗ്രൂപ്പിലെ എല്ലാ ശൃംഖലകളുമായും ശക്തമായ ബന്ധം സ്ഥാപിക്കാനാകും.ഒമാനിലെ 181 കിടക്കകളുള്ള ആസ്റ്റർ റോയൽ ഹോസ്പിറ്റൽ, ഷാർജയിലെ 101 കിടക്കകളുള്ള ആസ്റ്റർ ഹോസ്പിറ്റൽ, അൽ ഖുസൈസിൽ 126 കിടക്കകളുള്ള ആശുപത്രി ഏറ്റെടുക്കൽ എന്നിവ ഉടൻ പ്രാവർത്തികമാക്കും. ഇതോടെ 15 ആശുപത്രികളും, 113 ക്ലിനിക്കുകളും, 257 ഫാർമസികളുമുള്ള ജിസിസിയിലെ ഏറ്റവും വലിയ ആരോഗ്യ പരിരക്ഷാ ദാതാക്കളിലൊന്നായി ആസ്റ്റർ മാറും. സൗദി അറേബ്യയിൽ 250 പുതിയ ആസ്റ്റർ ഫാർമസികൾ തുറക്കാനുള്ള പദ്ധതി കമ്പനി ആരംഭിച്ചിട്ടുണ്ട്. ഓമ്നി ചാനൽ ഹെൽത്ത് കെയർ ഡെലിവറി മൈആസ്റ്റർ ആപ്പുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഇത് ആരംഭിച്ചതിന് ശേഷം ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ ഇതിനകം 352,000 ഡൗൺലോഡുകളാണ് ലഭിച്ചിട്ടുള്ളത്.7 രാജ്യങ്ങളിൽ സാന്നിധ്യമുള്ള ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിന്റെ 828 സ്ഥാപനങ്ങളിലായി, 29,108 പേർ ജോലി ചെയ്യുകയും, പ്രതിവർഷം 18 ദശലക്ഷത്തിലധികം രോഗികൾക്ക് സേവനം നൽകുകയും ചെയ്യുന്നു.

# ടോപ് ഗിയർ ഇന്ത്യയുടെ കവർ ചിത്രമായി ദുൽഖർ സൽമാൻ



**കൊച്ചി:** ഈ വർഷത്തെ സെലിബ്രിറ്റി പെട്രോഹെഡ് പുരസ്കാര നേട്ടത്തിന് പിന്നാലെ ടോപ് ഗിയർ ഇന്ത്യ മാസികയുടെ കവർ ചിത്രമായി ദുൽഖർ സൽമാൻ. ടോപ് ഗിയർ മാഗസിൻറെ 40 പുരസ്കാരങ്ങളിൽ സിനിമാലോകവുമായി ബന്ധപ്പെട്ടിരിക്കുന്ന പുരസ്കാരമാണ് ദുൽഖറിന് ലഭിച്ചത്. ശേഷമാണ് കവർ ചിത്രമാകുന്നത്. സ്വപ്നസാക്ഷാത്കാരം എന്നാണ് കവർ ചിത്രത്തെക്കുറിച്ച് നടൻ പ്രതികരിച്ചത്. 'ബക്കറ്റ് ലിസ്റ്റിലെ ഒരു വലിയ സ്വപ്നം എനിക്ക് സാക്ഷാത്കരിച്ചു. ടോപ്പ് ഗിയർ ഇന്ത്യയുടെ മൂന്നാം വാർഷിക ലക്കത്തിന്റെ കവറിൽ എന്നെ ഫീച്ചർ ചെയ്തു,' മാഗസിന് നന്ദി പറഞ്ഞുകൊണ്ട് ദുൽഖർ സമൂഹ മാധ്യമങ്ങളിൽ കുറിച്ചു.പ്രശസ്ത സംവിധായകനായ ജോഷിയുടെ മകൻ അഭിലാഷ് ജോഷി ആദ്യമായി സംവിധാനം ചെയ്യുന്ന 'കിംഗ് ഓഫ് കൊത്ത'യാണ് ദുൽഖറിന്റെ ചിത്രീകരണം പൂർത്തിയായ ചിത്രം. സംവിധായകൻ ടിനു പാപ്പച്ചനൊപ്പമുള്ള സിനിമ പ്രഖ്യാപിച്ചു കഴിഞ്ഞു. 'ചുപ്പ്'ആണ് അവസാനം റിലീസ് ചെയ്തത്. ഈ വർഷത്തെ ഓണത്തിന് ബ്രഹ്മാണ്ഡ ചിത്രമായി  ഓഫ് കൊത്ത വമ്പൻ റിലീസിനാണ് ഒരുങ്ങുന്നത്. ദുൽഖറിന്റെ കരിയറിലെ തന്നെ ഏറ്റവും വലിയ മാസ്സ് ചിത്രമായെത്തുന്ന കൊത്തയിലെ രാജാവ് തിയേറ്ററിൽ തീപ്പൊരിപാറിക്കുമെന്നുറപ്പാണ്. പി ആർ ഓ പ്രതീഷ് ശേഖർ.

# അവധിക്കാലം ആഘോഷമാക്കാൻ 'ലെയ്ക്ക' എത്തുന്നു



**കൊച്ചി:** റഷ്യയിൽ നിന്ന് ബഹിരാകാശത്തേയ്ക്ക് പോയ ആദ്യ ജീവിയായ ലെയ്ക്കയുടെ പിൻഗാമി എന്ന് അവകാശപ്പെടുന്ന നായ തന്റെ കഥ പറയുന്ന ചിത്രമാണ് 'ലെയ്ക്ക'.മിനി സ്ക്രീനിൽ ദമ്പതികളായി തിളങ്ങിയ ബിജു സോപാനവും നിഷാ സാരംഗും ദമ്പതികളായിതന്നെ സിനിമയിൽ ആദ്യമായി എത്തുന്നു എന്ന പ്രത്യേകതയും ചിത്രത്തിനുണ്ട്.  രോമാഞ്ചം എന്ന ഹിറ്റ് ചിത്രത്തിന് ശേഷം ഗുഡ് വിൽ എന്റർടൈൻമെന്റ്സ് ജോബി ജോർജ് തിയേറ്ററിൽ എത്തിയ്ക്കുന്ന ചിത്രം ആഷാദ് ശിവരാമനാണ് ചിത്രം സംവിധാനം ചെയ്തിരിയ്ക്കുന്നത്. വിപിഎസ് ആന്റ് സൺസ് മീഡിയയുടെ ബാനറിൽ ഡോക്ടർ ഷംനാദും ഡോക്ടർ രഞ്ജിത്ത് മണിയും ചേർന്നാണ് ചിത്രം നിർമ്മിച്ചിരിയ്ക്കുന്നത്. തെന്നിന്ത്യൻ നടൻ നാസർ, സുധീഷ്, വിജിലേഷ്, ബൈജു സന്തോഷ്, അരിസ്റ്റോ സുരേഷ്, സിബി തോമസ്, സേതുലക്ഷ്മി, നോബി മാർക്കോസ്, നന്ദനവർമ്മ തുടങ്ങി വൻ താര നിര തന്നെ ചിത്രത്തിലുണ്ട്. പി. സുകുമാറാണ് ലെയ്ക്കയുടെ ക്യാമറാമേൻ. പത്രപ്രവർത്തകരായ പി.മുരളീധരനും ശ്യാം കൃഷ്ണയും ചേർന്നാണ് തിരക്കഥ ഒരുക്കിയിരിയ്ക്കുന്നത്. ബി.ടി.അനിൽ കുമാർ, ശാന്തൻ, പി.മുരളീധരൻ എന്നിവർ എഴുതിയ ഗാനങ്ങൾക്ക് സതീഷ് രാമചന്ദ്രനും ജെമിനി ഉണ്ണിക്കൃഷ്ണനും ചേർന്ന് സംഗീതം നൽകിയിരിയ്ക്കുന്നു. റോണീ റാഫേൽ പശ്ചാത്തലസംഗീതവും വിപിൻ മണ്ണൂർ എഡിറ്റിംഗും നിർവ്വഹിച്ചു.2018ലെ സംസ്ഥാന ടെലിവിഷൻ പുരസ്ക്കാരങ്ങളിൽ മികച്ച സംവിധായകൻ ഉൾപ്പടെ ആറ് സംസ്ഥാന അവാർഡുകൾ നേടിയ 'ദേഹാന്തരം' എന്ന ഹ്രസ്വചിത്രത്തിന്റെ സംവിധായകൻ കൂടിയാണ് ആഷാദ് ശിവരാമൻ.

# ഹോണ്ട ഇന്ത്യ ഇവി റോഡ് മാപ്പ് പ്രഖ്യാപിച്ചു

**കൊച്ചി:** രാജ്യത്ത് ആരോഗ്യകരവും സുസ്ഥിരവുമായ വൈദ്യുത വാഹന വിപണി സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) ഇലക്ട്രിക് വെഹിക്കിൾ റോഡ് മാപ്പ് പ്രഖ്യാപിച്ചു. ഇന്ത്യയിൽ ഇവി ബിസിനസ് ഘടന വികസിപ്പിക്കുന്നതിനുള്ള ഒരു ബ്ലൂപ്രിന്റായിരിക്കും ഇതെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ മാനേജിംഗ് ഡയറക്ടറും പ്രസിഡന്റും സിഇഒയുമായ അറ്റ്സുഷി ഒഗാറ്റ പറഞ്ഞു.പുതിയ ഇവി സാങ്കേതികവിദ്യകളും അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുന്നതാണ് റോഡ് മാപ്പ്. പുതിയ സാമ്പത്തിക വർഷത്തിൽ വിദേശ ബിസിനസ് വിപുലീകരിക്കുന്നതിനും ഉൽപ്പാദന ശേഷി വർധിപ്പിക്കുന്നതിനുമുള്ള ഭാവി ബിസിനസ് ലക്ഷ്യവും കമ്പനി പ്രഖ്യാപിച്ചിട്ടുണ്ട്.ഫാക്ടറി ഇ, പ്ലാറ്റ്ഫോം ഇ, വർക്ക്ഷോപ്പ് ഇ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് ഇവി റോഡ് മാപ്പ്. വൈദ്യുതി വാഹനങ്ങൾ നിർമിക്കുന്നതിനായി മാത്രം കർണാടകയിലെ നർസാപുരയിൽ എച്ച്എംഎസ്ഐയുടെ പ്രത്യേക ഫാക്ടറി (ഫാക്ടറി ഇ) സ്ഥാപിക്കും. മെയ്ക്ക് ഇൻ ഇന്ത്യക്ക് അനുസൃതമായി പ്രാദേശികമായി നിർമിച്ച ബാറ്ററികളും പിസിയു ഘടകങ്ങളുമായിരിക്കും ഹോണ്ടയുടെ ഇവിയിൽ ഉപയോഗിക്കുക. നൂറ് ശതമാനം പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ നിരക്കാണ് ഫാക്ടറിയുടെ മറ്റൊരു സവിശേഷത. ഘട്ടംഘട്ടമായി 2030ഓടെ പ്രതിവർഷം പത്ത് ലക്ഷം ഇവി യൂണിറ്റുകൾ ഉത്പാദിപ്പിക്കാനും ഹോണ്ട ലക്ഷ്യമിടുന്നു.ഫിക്സഡ് ബാറ്ററി, സ്വാപ്പ് ചെയ്യാവുന്ന ബാറ്ററി, മിഡ് റേഞ്ച് ഇവി എന്നിവയുൾപ്പെടെ വിവിധ ഇവി മോഡലുകളുടെ അടിത്തറയായാണ് പ്ലാറ്റ്ഫോം ഇ പ്രവർത്തിക്കുക. എച്ച്എംഎസ്ഐയുടെ പ്രോജക്റ്റ് വിദ്യുതിന്റെ ഭാഗമായി, 2024 സാമ്പത്തിക വർഷത്തിൽ രണ്ട് പുതിയ ഇരുചക്ര വൈദ്യുത വാഹനങ്ങൾ ഹോണ്ട അവതരിപ്പിക്കും.ഇവി ഉപഭോക്താവിന് സൗകര്യപ്രദമായ അനുഭവം നൽകുകന്നതിന് ലക്ഷ്യമിട്ടുള്ളതാണ് വർക്ക്ഷോപ്പ് ഇ. നിലവിലുള്ള ആറായിരത്തിലേറെ ഡീലർഷിപ്പ് നെറ്റ്വർക്കുകളിൽ ചാർജിങ് സ്പോട്ടുകൾ സജ്ജമാക്കും. പെട്രോൾ പമ്പുകളിലും മെട്രോ സ്റ്റേഷനുകളിലും മറ്റ് സ്ഥലങ്ങളിലും ഉപഭോക്താക്കൾക്കായി ബാറ്ററി സൗകര്യവും ഏർപ്പെടുത്തും. 2024 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയോടെ എല്ലാ മോഡലുകളുടെയും ഒബിഡി2ലേക്കുള്ള സമ്പൂർണ പരിവർത്തനമാണ് ഭാവി ബിസിനസ് ലക്ഷ്യങ്ങളിലൊന്ന്. 20 മോഡലുകൾ 58 രാജ്യങ്ങളിലേക്ക് അയച്ച് കയറ്റുമതി വികസിപ്പിക്കുകയാണ് മറ്റൊന്ന്. ഗുജറാത്തിലെ വിത്തലാപൂർ ഫാക്ടറിയിൽ ആറ് ലക്ഷം യൂണിറ്റ് ശേഷിയുള്ള പുതിയ സ്കൂട്ടർ അസംബ്ലി ലൈൻ തുടങ്ങാനും ഹോണ്ടയ്ക്ക് പദ്ധതിയുണ്ട്.ഇന്ത്യയുടെ ഏറ്റവും മികച്ച ഇവി ബിസിനസ് ഘടന കെട്ടിപ്പടുക്കുന്നതിനും സുസ്ഥിര ഗതാഗത വികസനത്തിന് നേതൃത്വം നൽകുന്നതിനും തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും അറ്റ്സുഷി ഒഗാറ്റ പറഞ്ഞു.തങ്ങളുടെ ഇവി റോഡ്മാപ്പ് ഉപയോഗിച്ച് വൈവിധ്യമാർന്ന ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണത്തിനായി സവിശേഷമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഉദ്ദേശിക്കുന്നു. സമാന്തരമായി, ഇവി സാങ്കേതികവിദ്യകളുടെ വികസനം, ഇൻഫ്രാസ്ട്രക്ചർ ചാർജിംഗ്, വിൽപ്പനാനന്തര സേവനങ്ങൾ എന്നിവയിലും തങ്ങൾ നിക്ഷേപം നടത്തുന്നുവെന്നും അറ്റ്സുഷി ഒഗാറ്റ പറഞ്ഞു.

# തീരപ്രദേശ ജലാശയങ്ങളിലെ കൂടുമത്സ്യ കൃഷി സംരംഭം;വരുമാനത്തിൽ കേരളം മുന്നിലെന്ന് പഠനം

**കൊച്ചി:** തീരപ്രദേശ ജലാശയങ്ങളിലെ കൂടുകൃഷി സംരംഭങ്ങളിൽ മികച്ച വരുമാനമുണ്ടാക്കുന്നത് കേരളത്തിലെ മൽസ്യകർഷകരാണെന്ന് പഠനം. സംസ്ഥാനത്തെ ഇത്തരത്തിലുള്ള 40 ശതമാനത്തോളം സംരംഭങ്ങൾ ഒരു യൂണിറ്റിൽ നിന്നും രണ്ട് ലക്ഷം മുതൽ മൂന്ന് ലക്ഷം വരെ വരുമാനം നേടുന്നുണ്ടെന്ന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തിയ പഠനം പറയുന്നു.എന്നാൽ, കടലിൽ നടത്തുന്ന കൂടുകൃഷിയിൽ ഉയർന്ന വരുമാനം നേടുന്നത് ആന്ധ്രപ്രദേശിലെ കർഷകരാണ്. ഓരോ വർഷവും ചുഴലിക്കാറ്റും മറ്റ് പ്രതികൂല കാലാവസ്ഥയും കാരണം മത്സ്യബന്ധന ദിനങ്ങൾ കുറയുമ്പോൾ കൂടുമത്സ്യകൃഷി, കടൽപായൽ കൃഷി തുടങ്ങിയ മാരികൾച്ചർ സംരംഭങ്ങൾ അധികവരുമാനത്തിനുള്ള മികച്ച അവസരമാണ് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നത്.ഒരു കൂടുകൃഷി യൂണിറ്റിൽ നിന്ന് മാത്രം എട്ട് മാസം വരെ നീണ്ടുനിൽക്കുന്ന ഒരു സീസണിൽ 3 ലക്ഷം രൂപവരെ തീരദേശവാസികൾക്ക് അധികവരുമാനം നേടാം. മീനും കടൽപായലും കക്കവർഗങ്ങളും സംയോജിതമായി കൃഷിചെയ്യുന്ന രീതിയായ ഇംറ്റയുടെ ഒരു യൂണിറ്റിൽ നിന്നും ഇതിൽ കൂടുതൽ വരുമാനമുണ്ടാക്കാമെന്നും പഠനം വ്യക്തമാക്കുന്നു.കേരളത്തിലെ മൂന്ന് ജില്ലകളിൽ നിന്നുൾപ്പെടെ ഇന്ത്യയിലെ ആറ് തീരദേശ സംസ്ഥാനങ്ങളിലെ 159 മാരികൾച്ചർ സംരംഭങ്ങളുടെ സാമൂഹികസാമ്പത്തികപാരിസ്ഥിതിക ഘടകങ്ങൾ പരിശോധിച്ചുനടത്തിയ പഠനമാണിത്. സിഎംഎഫ്ആർഐയിലെ സീനിയർ സയന്റിസ്റ്റ് ഡോ ഷിനോജ് പാറപ്പുറത്തിന്റെ നേതൃത്വത്തിൽ നടത്തിയ പഠനം ഫ്രണ്ടിയർ ഇൻ സസ്റ്റയിനബിൾ ഫുഡ് സിസ്റ്റം എന്ന അന്തർദേശീയ ജേണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.മാരികൾച്ചർ സംരഭങ്ങൾ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതായി പഠനം ചൂണ്ടിക്കാണിക്കുന്നു. എട്ട് മാസം വരെ നീണ്ടുനിൽക്കുന്ന ഒരു യൂണിറ്റ് കൂടുമത്സ്യകൃഷിക്ക് 175 മുതൽ 396 വരെ തൊഴിൽദിനങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. ഭക്ഷ്യമരുന്ന്വ്യാവസായിക ഉൽപ്പന്നങ്ങളുടെ നിർമാണത്തിൽ കടൽപായൽ ധാരാളമായി ആവശ്യമായിവരുന്നതിനാൽ ഇവയുടെ കൃഷിക്ക് മികച്ച വരുമാന സാധ്യതയാണുള്ളത്.രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന മാരികൾച്ചർ കൃഷികളിൽ ആന്റിബയോട്ടികിന്റെ ഉപയോഗം കണ്ടെത്തിയിട്ടില്ലെന്നതും ശ്രദ്ധേയമാണ്.എന്നാൽ പൊതുജലാശയങ്ങളിലെ സംരംഭങ്ങളായതിനാൽ ഇവക്ക് നിയമപരിരക്ഷ ഒരുക്കേണ്ടത് അനിവാര്യമാണ്. അതാത് സംസ്ഥാന സർക്കാറുകളുടെ നേതൃത്വത്തിൽ ഇതിന് ശ്രമങ്ങളുണ്ടാകണം. നിയമപരിരക്ഷ ഇല്ലാത്തത് കാരണമാണ് മികച്ച വരുമാന സാധ്യതയുള്ള ഈ മേഖലയിലേക്ക് വൻതോതിലുള്ള സംരഭങ്ങൾ കടന്നുവരാത്തത്. ആവശ്യമായ അളവിൽ ഗുണമേൻമയുള്ള വിത്തുകളും തീറ്റകളും ലഭ്യമാകാത്തതും പ്രധാന പ്രതിസന്ധികളാണ്.മാരികൾച്ചർ സംരഭങ്ങളിൽ മെച്ചപ്പെട്ട മത്സ്യകൃഷിരീതികളും ഭക്ഷ്യസുരക്ഷ മാനദണ്ഡങ്ങളും ഉറപ്പുവരുത്തുന്നതുൾപ്പെടെയുള്ള നിർദേശങ്ങളും പഠനം മുന്നോട്ടുവെക്കുന്നുണ്ട്. ഇൻഷുറൻസ് പരിരക്ഷ, ഗുണമേൻമയുള്ള വിത്തുകൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം, വിപണി പരിഷ്കരണം തുടങ്ങിയവയാണ് മറ്റു പ്രധാന നിർദേശങ്ങൾ.



## ഫോട്ടോ പ്രദർശനവും സർട്ടിഫിക്കറ്റ് വിതരണവും

**കൊച്ചി:** കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പിന്തുണയോടെ എറണാകുളം ജില്ലയിലെ ലീഡ് ബാങ്കായ യൂണിയൻ ബാങ്കിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നെല്ലാട് ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിലെ (ആർസെറ്റി ) ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി ബാച്ചിലെ വിദ്യാർത്ഥികളുടെ ഫോട്ടോ പ്രദർശനം ഫോട്ടോഗ്രാഫറും 2017 ലെ സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡ് ജേതാവുമായ സന്ദീപ് മാറാടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ആർസെറ്റി ഡയറക്ടർ ജി. രാജേഷ് അധ്യക്ഷത വഹിച്ചു. 30 ദിവസത്തെ കോഴ്സ് പൂർത്തിയാക്കിയ 18 നും 45 നും ഇടയിൽ പ്രായമുള്ള 28 വിദ്യാർത്ഥികൾ പകർത്തിയ ചിത്രങ്ങളാണ് എക്സിബിഷനിൽ ഉൾപ്പെടുത്തിയത്. തുടർന്ന് സന്ദീപ് മാറാടി വിദ്യാർത്ഥികളുമായി സംവദിച്ചു.ഫോട്ടോഗ്രാഫി മേഖലയിലെ അനുഭവങ്ങളും അറിവുകളും അദ്ദേഹം പങ്കുവെച്ചു. വിദ്യാർത്ഥികൾ തയാറാക്കിയ ഒബ്സ്ക്യൂറ എന്ന മാഗസിന്റെ പ്രകാശനവും വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും നടന്നു.ആർസെറ്റി അധ്യാപിക കെ.എസ്. ശ്രുതി , ഫോട്ടോഗ്രാഫി അധ്യാപകൻ വിനീഷ് കീഴറ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.വസ്ത്ര ചിത്രകല ഉദ്യാമി (എംബ്രോയിഡറി & ഫാബ്രിക് പെയിന്റിംഗ് ) എന്ന കോഴ്സാണ് അടുത്തായി ആർസെറ്റിയിൽ ആരംഭിക്കുന്നത്. 30 ദിവസത്തെ സൗജന്യകോഴ്സിൽ 18 നും 45 നും ഇടയിൽ പ്രായമുള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ളവർ 9744274031 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ‘അടി‘ ഏപ്രിൽ 14ന് തിയേറ്ററുകളിലേക്ക്

**കൊച്ചി:** ദുൽഖർ സൽമാന്റെ വേഫേറർ ഫിലിംസ് നിർമ്മിച്ച് ഷൈൻ ടോം ചാക്കോ, അഹാന കൃഷ്ണാ, ധ്രുവൻ എന്നിവർ പ്രധാന കഥാപാത്രങ്ങളിലെത്തുന്ന’അടി’ ഏപ്രിൽ 14ന് വിഷു റിലീസായി തിയേറ്ററുകളിലേക്കെത്തും.ചിത്രത്തിന്റെ രസകരമായ ഒരു ടീസറിലൂടെയാണ് ദുൽഖർ സൽമാൻ അടിയുടെ റിലീസ് തീയതി അറിയിച്ചിരിക്കുന്നത്. ലില്ലി, അന്വേഷണം എന്നീ ചിത്രങ്ങൾ ഒരുക്കിയ പ്രശോഭ് വിജയനാണ് ചിത്രത്തിന്റെ സംവിധാനം. ഇഷ്കിന്റെ തിരക്കഥാകൃത്ത് രതീഷ് രവിയുടേതാണ് തിരക്കഥ. ബിറ്റോ ഡേവിസ്, ശ്രീകാന്ത് ദാസൻ എന്നിവർ മറ്റു പ്രധാന വേഷങ്ങളിലെത്തുന്ന അടി വിഷുവിനു കുടുംബമായി തിയേറ്ററിൽ ആസ്വാദന മിഴിവേകുന്ന ചിത്രമാണെന്നുറപ്പാണ്.അടിയുടെ അണിയറ പ്രവർത്തകർ ഇവരാണ് : നിർമ്മാണം : ദുൽഖർ സൽമാൻ, ജോം വർഗീസ്, സംഗീത സംവിധാനം : ഗോവിന്ദ് വസന്ത, ഛായാഗ്രഹണം : ഫായിസ് സിദ്ധിഖ്. സുഡാനി ഫ്രം നൈജീരിയ ഫെയിം നൗഫലാണ് എഡിറ്റിംഗും സ്റ്റെഫി സേവ്യർ വസ്ത്രാലങ്കാരവും ആർട്ട് സുഭാഷ് കരുണും രഞ്ജിത് ആർ മേക്കപ്പും നിർവഹിച്ചിരിക്കുന്നു. ആർട്ട് : സുബാഷ് കരുൺ, ചീഫ് അസ്സോസിയേറ്റ് : സുനിൽ കര്യാട്ടുകര, ലിറിക്സ് : അൻവർ അലി, ഷറഫു, പ്രൊജക്റ്റ് ഡിസൈനർ : ഹാരിസ് ദേശം, പ്രൊഡക്ഷൻ കൺട്രോളർ: റിന്നി ദിവാകർ, അസ്സോസിയേറ്റ് ഡയറക്ടർ :സിഫാസ് അഷ്റഫ്, സേതുനാഥ് പദ്മകുമാർ, സുമേഷ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് : വിനോഷ് കൈമൾ, പി ആർ ഓ : പ്രതീഷ് ശേഖർ, വി.എഫ്.എക്സ് ആൻഡ് ടൈറ്റിൽ : സഞ്ജു ടോം ജോർജ്, സ്റ്റിൽസ് : റിഷാദ് മുഹമ്മദ് ,ഡിസൈൻ : ഓൾഡ് മങ്ക്സ്.

Teaser link : https://youtu.be/k5pO6uAY2sQ

